**PRV:** People have been composing music for so many years. Then Thyagaraja came & changed the face of music. It was my fantasy to learn compositions from a composer himself. I have always wondered how it would be to learn Thyagaraja kritees from Thyagaraja himself. And with Balamurali Sir, I finally got a chance to do so..

**KK: Would you like to sing in movies if given an opportunity.**

**PRV:** Yes I wouldn't mind that but I would like to sing a Kishore Kumar type song or a folk song rather than a classical song..

**KK: Have you felt any vibe with your ancestor Swathi Thirunal Maharaja**

**PRV:** People have asked me whether I feel I am his reincarnation and so on. But I heve never felt this. I do feel an extremely strong and inexplicable bond with M D Ramanathan and Kishore Kumar.

**KK: What is your message for the people of Singapore.**

**PRV:** From the two concerts I gave here, I feel extremely happy. The listeners were very warm and generous in their appreciation and I would be very happy to visit again.

**KK: Thank you for your time & the good listening experience you gave us we wish you all the best.**

# ചിമ്മിനിവിളക്ക്

ശ്രീകൃഷ്ണദാസ് മാത്തൂർ

പെയ്യുവെള്ളമുരമുരച്ചിഴയുന്ന
നീണ്ടൊരൊഴുക്കിന്നങ്കലാപ്പിൽ;
കെട്ടുകൊണ്ടേയിരിക്കും വഴിവെട്ടം
കൊണ്ടുനിർത്തിയ നിരാധാര വഴിയെ
നിന്റ കണ്ണുകളെനിക്ക് ചിമ്മിനിവിളക്ക്.

മിന്നലുരച്ചുകാട്ടുമിരുട്ടിന്റ
നൂലിട്ടാൽ നിലയില്ലായ്മ ദൂരെ,
നിറങ്ങൾ മുഖംപൂഴത്തുമന്ധകാര-
ചികുരത്തിലെ മുറിഞ്ഞ തേങ്ങൽ;
തടവറയ്ക്കപ്പുറമഴികൾ വകഞ്ഞ്
വാനവിളക്കിന്റ ഊറിച്ചിരികൾ....

ദൂരങ്ങളിൽ തമസ്സിരുന്നൊളികണ്ണിടും
രാവിത്, ഉടൽമാത്രമാം തെരുവിളക്കിൽ
ഉയിരൊഴിഞ്ഞതിന്നാരവം വ്യക്തം
മഴയുടെ തിളക്കം പ്രളയത്തെയല്ലേ
ജനലിന്നപ്പുറം എതിരേറ്റിരിക്കുന്നു?
വിസരിച്ചുപോമെന്റ വാക്കുകളെടുത്ത്
കർക്കിടകമല്ലേ കരച്ചിലുംപിഴിച്ചിലും..?

ഒരുമാരി കൂടി കനക്കുന്നു, നുര
കമട്ടുന്നു ജലഫണങ്ങൾ..
ചില്ലുകൾക്കുള്ളിൽ നിറഞ്ഞുകവിയും
ചിമ്മിനിവിളക്കുപോൽ നിന്റ മിഴികൾ,
എന്നെയുംനിന്നെയും ജ്വലിപ്പിക്കുമീ,
മഴക്കാലരാത്രിയിൽ നമുക്കുവേണ്ട
കുത്തുവാക്കുകളെറിയുന്ന ദൂരങ്ങൾ.
ഒരു കുടുസ്സിൽ, ഒരൊറ്റ വെട്ടം,
ഇരുട്ട് ഇവിടെങ്ങുമില്ല...


## ശ്രീകൃഷ്ണദാസ് മാത്തൂർ



പത്തനംതിട്ടയിലെ മാത്തൂർ ഗ്രാമത്തിൽ ജനിച്ചു. മാതാവ്: ശ്രീമതി ഇനദിരാമ്മ, പിതാവ്:: ശ്രീ ജനാർദ്ദനൻ നായർ. പ്രവാസ പ്രദക്ഷിണവഴിയിലും കവിത കൂടെ കൂട്ടിയിരിക്കുന്നു. ഇപ്പോൾ മദ്രാസിൽ ഒരു സ്വകാര്യസ്ഥാപനത്തിൽ ജോലിചെയ്യുന്നു.



# Sayam Sandhya

a Cultural evening organised by Ladies Committee for fund raising
















# SMA Badminton Tournament
















# Onam Nite 2007




















# Onam Nite 2007



# Onam Village 2007
























# Onam Village 2007



# Onam Nite 2008



# Onam Nite 2008



















# Onam Village 2009


























# Onam Village 2009






















SONY
PHILIPS
Panasonic
Food Processor
WATER PURIFIER
2.5"
HANIFFA PTE LTD





Shri M R Rajan, Ms Amritha Suresh and Mr Hesham Abdul Wahab receiving tokens of appreciation from Ms Ellen Lee MP for Sembawang GRC and Adviser to Woodlands GRO at a Cultural Nite event at Woodlands Community Club, supported by Singapore Malayalee Association





**Networking Dinner organised by Ladies Committee**





**Onopharam pays tribute to the great artists who left us this year, who have made rich contributions to the art & cultual scenario & left their indelible mark as a legacy for generations to come.**



*Padma Vibhushan Ali Akbar Khan, the great Sarod Virtuoso*



*Padma Vibhushan Sangeetha Kalanidhi D K Pattammal, last of the female trinity of Carnatic Music*



*Padma Vibhushan Gangubai Hangal, vocalist of the Kirana Kharana of Hindustani Classical music*



*Bharath Murali, the famous Malayalam actor*



*Kamala Suraiyya aka Madhavikutty, the great Malayalam novelist and story teller*



*Rajan P Dev, the famous Malayalam actor*



*A K Lohithadas, Scriptwriter, director, and producer in Malayalam cinema*



*Michael Joseph Jackson, the King of Pop, and one of the most popular singers and dancers in the "pop" genre, the world has seen in recent decades*

# Chellas
vegetarian Corner

**Chellas Vegetarian Corner celebrates it's 3rd anniversar**

**Enjoy 25% off on total bill on 7th September 200**

**Delicious South and North Indian foods Chaats & not forgetting the wide range of mouth watering Bengali, Marwadi & South Indian sweets and savouries**













## Happy Onam!

Catering Services Available

Open daily from 10.30am - 10.30 pm

**dining area with a seating capacity of up to 80 persons on level**

**No. 70 Serangoon Road Singapore 217975**

**T: 6297 6297 www.chellas.com.sg**

# Awards and Achievements 2009

SMA extends our heartiest congratulations

**Mr Viswa Sadasivan, Trustee, SMA**
On his appointment as Non Constituency Member of Parliament (NMP)



## National Day 2009 Honours (Singapore)



**Mr Gopinath Pillai,** Ambassador at Large (Adviser SMA)
Award: Public Service Star - BBM (Bar)



**Dr V P Nair, Cardiologist** (Chairman Board of Trustees, SMA)
Award: Pingkat Bakti Masharakat (PBM)

## Entrepreneur Award (National and International Award)

**Mr Sunny Varghese,** CEO Olam International



Was named as Singapore's Ernst & Young entrepreneur of the year 2008 and went on to represent Singapore in the 'World Ernst & Young Entrepreneur of the Year' award in Monte Carlo in June 2009

## Non Resident Indians (NRI) Award



**Mr P K Koshy,** President , SMA

Received the "Nav Rattan (Nine Jewels) Award "

For his outstanding services,achievements and contributions at the 28 International Congress of NRIs on the eve of Republic Day on 25th Jan 2009, New Delhi, India





## MMI (London) & MMI Group (Singapore)

Modern Montessori International (London) is the Principal Office of the Modern Montessori Internation (MMI) Group (Singapore). Established since 1989, the MMI Group is a forward-looking global educatio organization with international offices and more than 40 centres in countries like the United Kingdom Singapore, Malaysia, Thailand, India, Sri Lanka, Hong Kong, Indonesia, Nigeria and Australia.

## Core Competencies

Apart from offering professional teacher-training programs in Montessori and pre-school educatio MMI also provides a comprehensive range of early childhood services in addition to franchisin opportunities for prospective business partners.

**Call us at (65) 6235 4600**

MMI Modern® Montessori International (LONDON)
*A LEADER in Montessori Pre-school Education*
Modern Montessori International Group

**Visit us at www.modern-montessori.co**

Awards, Accreditations & Memberships

• United Kingdom • Singapore • Malaysia • Thailand • India • Sri Lank
• Hong Kong • China • Indonesia • Nigeria • Kenya • UAE • Australia

# Water colours from Rajaneesh







HALAL FOODS INTERNATIONAL
"TODAY'S BEST CHOICE" IN NATURAL HEALTH PRODUCTS
ISO 9001:2000 Cert No: CI/5279
ISO 9001:2000 Cert No: CI/5279
*HALAL FOODS BOOSTER
*HALAL FOODS ROYAL JELLY
*HALAL FOODS POLLEN-R
*HALAL FOODS TONGKAT ALI EXTRACT
*HALAL FOODS JOINT HEALTH COMPLEX WITH MSM
*HALAL FOODS JOINT HEALTH COMPLEX WITH OPTIMSM
*HALAL FOODS ADVANCE OMEGA 3
*HALAL FOODS DIABAC
FOR FREE HOME DELIVERY CALL:
SPORE: 6286 9722 JB: 07-221-0333
62 BURN ROAD #03-01 EVERGREEN BUILDING SINGAPORE 369976.
BRANCH: 14 KERBAU ROAD SINGAPORE 219153
JB: NO.5 JALAN BUKIT MELDRUM, SUITE 11-01 MENARA MSC CYBERPORT, 80300 JOHOR BAHRU
WEBSITE: halalfoods.com.sg EMAIL: halalfds@singnet.com.sg

# Champion of Our Hearts

*Anima Sujith*

She is a pretty beautiful Girl,
Like a rose in full bloom.
Her loving fragrance attracted me
Like a Painting in my heart.
She kept pondering my minds,
Like an Angel beside me.

Her hair swayed in the silent breeze
Shimmering a cool, elegant smile.
For she knew......
Am the one she was searching for.

Caught in the lovely entwinement,
We swayed in the silent bliss of Love.
She enlightened me each day
Like a lamp lighting my Way.

Petal by petal our mind entwined,
Like the waves of the ocean embracing each other.
Love blossomed like a full moon
In our Dark lonely Nights.

Our Passion....Our Craving
Grew Deeper and Deeper in hearts..
The Silent Breeze Whispered....
"We are in Love".
Our Mind whispered,
"You can never Depart".

To the Rhythm of Love
Peacocks Danced and Swayed...
Butterflies Sang the Song of Love
Fragrant Roses bloomed the Garden..
Hissing the Fragrance of Love....

Our Hands entwined..
Like Never Before...
We can Never Depart
For We Are made for Each Other..

In our lives endless journey,
We set sail with....
With The Champion of our hearts..

# മോർഫിങ്

## അനിയൻ

വനജ നേരത്തെ ഉറക്കമുണർന്നു. ഇവിടെയെത്തിയതിന് ശേഷം ഒരു രാത്രിപോലും വനജ തൃപ്തിയായി ഉറങ്ങിയിട്ടില്ല. ഈ മഹാനഗരവും ഉറങ്ങാറില്ല. ആലസ്യങ്ങളിൽ തല ചായ്ച്ച് ഉറക്കമെ പേരിൽ രാത്രികളെ പുണരുന്നു എന്നു മാത്രം. ദിനങ്ങളിലെ നൈരന്തര്യങ്ങളിലേക്കുള്ള ആലസ്യമാണ്ട പ്രവാഹത്തിന്റെ തുടക്കം മാത്രമാണ് ഈ നഗരത്തിലെ പ്രഭാതങ്ങൾ.

കൊതുകുവലകൊണ്ട് മൂടിയ ജനലിൽ കൂടി തെരുവുവിളക്കിലെ മഞ്ഞവെളിച്ചം ധാരാളമായി ആ കിടപ്പുമുറിയിൽ എത്തിയിരുന്നു. ആ വെളിച്ചത്തിൽ മുറിയിലെ എല്ലാ വസ്തുക്കളേയും വ്യക്തമായിത്തന്നെ കാണാം. കിടപ്പുമുറിയിലെ സ്വകാര്യതയുടെ അപര്യാപ്തത വനജയെ ആദ്യദിവസങ്ങളിൽ കുറച്ചൊന്നുമല്ല വിഷമിപ്പിച്ചതു. രണ്ടാംനിലയിലല്ലേ, കർട്ടൻ ഇല്ലെങ്കിലും വിരോധമില്ല എന്നായിരുന്നു ഉണ്ണ്യേട്ടന്റെ പ്രതികരണം. ഒരു കണക്കിന് ഉണ്ണ്യേട്ടൻ പറയുന്നതും ശരിയാണ്, ആ ജനൽ മൂടിയിട്ടാൽ ഉള്ളിൽ പുഴുക്കം കൂടി വിമ്മിഷ്ടം വർദ്ധിക്കയേ ഉള്ളു.

അവൾ കട്ടിലിൽ കാൽ തൂക്കിയിട്ടിരുന്ന് അഴിഞ്ഞ മുടി ഒതുക്കിക്കെട്ടി ചുവരിലെ ഘടികാരത്തിലേക്ക് നോക്കി. സമയം അഞ്ചേകാൽ. ടാപ്പുകളിൽ വെള്ളം വന്നുതുടങ്ങുവാൻ ഇനിയും പതിനഞ്ചു നിമിഷങ്ങൾ കൂടിയുണ്ട്. പാൽക്കാരന്റെ ബെല്ലിന് മുപ്പത്തഞ്ച് മിനുട്ട്, പേപ്പർകാരന്റെ ബെല്ലിന് ഇനിയും അമ്പത്തഞ്ച് മിനുട്ട്... അവൾ തുടർന്നോർത്തു. ഈ ചിന്ത ചെന്നവസാനിക്കുന്നത് മനസ്സു മടുപ്പിക്കുന്ന ദിനചര്യകളിലാണ്. എട്ട് അഞ്ചിന് ഉണ്ണ്യേട്ടന്റെ ഷൂ പോളിഷിംഗ്, എട്ട് ഇരുപതിന് ഉണ്ണ്യേട്ടന്റെ ജോലിക്കിറങ്ങൽ, ഒമ്പത് ഇരുപതിന് താഴെ പച്ചക്കറികാരന്റെ ഉന്തുവണ്ടിയുടെ നീണ്ട മണിയടി, ഒമ്പത് നാൽപതിന് വേലക്കാരിയുടെ ബെല്ല്... യന്ത്രത്തിന്റെ കൃത്യതയോടെ എന്നും അനുഭവിച്ചുപോരുന്ന ദിനചര്യ. വേലക്കാരി പണി തീർത്ത് ഇറങ്ങുമ്പോൾ സമയം പത്തര. പിന്നീടുള്ള സമയങ്ങളുടെ നീണ്ട അന്തരാളമാണ് ഏറെ മുഷിപ്പ്. നാട്ടിൽനിന്നും വരുമ്പോൾ റെയിൽവേസ്റ്റേഷനിൽനിന്നും വാങ്ങിയ ചില വാരികകൾ കളയാതിരുന്നതു നന്നായി. ആവർത്തനവിരസതയുണ്ടെങ്കിലും, വല്ലാതെ മനസ്സു മടുക്കുമ്പോൾ താളുകൾ മുഷിഞ്ഞുപോയ ആ പഴയ വാരികകൾ തന്നെ ശരണം.

വയ്യ, ഈ മുഷിപ്പ് എന്നും അനുഭവിക്കാൻ വയ്യ. എന്തെങ്കിലും ഒരു വഴി കണ്ടെത്തിയേ പറ്റൂ. രാവിലെത്തന്നെ മുഷിപ്പ് തന്നെ ഗ്രസിക്കുതിൽ വനജക്ക് എന്തെന്നില്ലാത്ത അലോരസം തോന്നി. ഉണ്ണ്യേട്ടനെ ഇന്നും ഓർമ്മിപ്പിക്കണം... പരിചയക്കാരെ കണ്ടു സംസാരിച്ച് എന്തെങ്കിലും ഒരു ജോലി സംഘടിപ്പിക്കണം.

വനജ കട്ടിലിൽ നിന്ന് പതുക്കെ എഴുന്നേറ്റ് കുടുസ്സായ ആ കിടപ്പുമുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും വെറുതെ ഉലാത്തി. ജനലിന്റെ പക്കൽ അൽപനേരം നിന്ന് തെരുവിലെ പതിവുകാഴ്ചകൾ നോക്കിനിന്നു. പീടികത്തിണ്ണകളിൽ തലയോടുകൂടി മൂടിപ്പുതച്ചുറങ്ങു അഗതികളെ തൊട്ടുരുമ്മിക്കൊണ്ട് തെരുവുനായ്ക്കളും വിശ്രമിക്കുന്നു. തെരുവിന്റെ അറ്റത്ത് സോഡിയം വിളക്കിനു താഴെ പത്രക്കെട്ടുകൾ ഇറക്കിയതിനു ചുറ്റും പത്രവിൽപനക്കാർ സൈക്കിളുകളുമായി തിക്കും തിരക്കും ഉണ്ടാക്കുന്നുണ്ട്. മൂട് കരിപുരണ്ട ഒരു കെറ്റിലിൽനിന്നും പകർത്തിക്കിട്ടുന്ന ചായ പല സോസറുകളിലുമായി പങ്കുവെച്ചു കുടിക്കുന്ന ഇവർ ഉച്ചത്തിൽ തമ്മിൽ തമ്മിൽ കലഹിക്കുന്നുമുണ്ട്. തന്റെ വീട്ടിൽ പത്രമിടുന്ന പയ്യനേയും വനജ ആ കൂട്ടത്തിൽ കണ്ടു. തെരുവിന്റെ അങ്ങേവരിയിലുള്ള വീടുകളിൽ പത്രമെത്തിച്ചേ അവൻ ഈ ബ്ലോക്കിൽ പത്രമിടാൻ വരൂ.

കുറച്ചുനേരം തെരുവുണരുന്നതും നോക്കിനിന്ന വനജക്ക് വീണ്ടും മനസ്സിൽ ശൂന്യത തോന്നിത്തുടങ്ങി. ഇതെല്ലാം കഴിഞ്ഞ രണ്ടാഴ്ചയായി സ്ഥിരമായി കാണുന്നതാണ്. പെട്ടെന്ന് പുതുമയെല്ലാം നശിക്കുതിൽ വനജക്ക് വേവലാതി തോന്നി.

നാട്ടിലാണെങ്കിൽ എന്തു ഉന്മേഷമാണ് പ്രഭാതങ്ങൾക്ക്! പക്ഷികളുടെ ചിലക്കൽ, മഞ്ഞുകൊണ്ട ഓട്ടിൻപുറത്തിന്റെ ഈർപ്പമുള്ള മണം, അമ്പലത്തിൽ നിന്നും മന്ദ്രമായി ഒഴുകിവരുന്ന ഭക്തിഗാനങ്ങൾ... ഇവയുടെയൊന്നും പുതുമ ഒരിക്കലും നശിക്കുന്നില്ല. കണ്ണു തുറന്ന് എഴുന്നേൽക്കുന്നത് ചുറുചുറുക്കോടുകൂടിയ ദിനചര്യകളിലേക്കാണ്. ഇവിടെയാകട്ടെ, നഗരത്തിനെ പുതപ്പിച്ചിരിക്കുന്ന മഞ്ഞവെളിച്ചത്തിനു മുകളിൽ ക്ഷണിക്കപ്പെടാത്ത അതിഥിയെപ്പോലെ വന്നെത്തുന്ന നരച്ച പ്രഭാതങ്ങൾക്ക് ഒരു രസവുമില്ല, ഉന്മേഷവുമില്ല.

ജനലിലെ വലയിൽ കൈ അറിയാതെ തട്ടിയപ്പോൾ ഉയർന്ന പൊടി വനജക്ക്

അസ്വാരസ്യം ഉണ്ടാക്കി. തുമ്മൽ വന്നുവേങ്കിലും അത് അവൾ അടക്കി. ഉണ്ണ്യേട്ടൻ ഉറങ്ങുകയാണ്, പാവം ഉറങ്ങിക്കോട്ടെ, ഉണർത്തണ്ട.

തിരികെ കട്ടിലിന്നടുത്തേക്കു വന്ന് ചെരിഞ്ഞു കിടന്നുറങ്ങുന്ന ഗോവിന്ദനുണ്ണിയുടെ മുഖത്ത് കുറച്ചുനേരം നിർന്നിമേഷയായി നോക്കിയിരുന്നു. നിഷ്ക്കളങ്കമായ മുഖം... പാവം ഉണ്ണ്യേട്ടൻ!... ശുദ്ധനും നല്ലവനുമാണ് എന്റെ ഉണ്ണ്യേട്ടൻ.

വനജക്ക് അപ്പോൾ കുഞ്ഞുങ്ങളോട് തോന്നുന്ന പോലുള്ള വാത്സല്യം അലതല്ലി വരുന്നപോലെ അനുഭവപ്പെട്ടു. അവൾ മുഖം മെല്ലെ താഴ്ത്തി ഉറങ്ങുന്ന ഗോവിന്ദനുണ്ണിയുടെ കവിളിൽ അമർത്തി ഒരു ചുംബനം നൽകി.

ഞാന്നു കിടന്നാടിയ മാലയും പതക്കവും, കഴുത്തിലും കവിളിലും ഉരസിയപ്പോൾ ഗോവിന്ദനുണ്ണി മെല്ലെ ഉണർന്നു. കണ്ണു തുറക്കുതിനു മുമ്പേ തന്നെ കവിളത്ത് ചുംബനവും കൂടിയായപ്പോൾ അയാൾ വീണ്ടും കണ്ണടച്ചു കിടന്നു. അരുത്... രാവിലെത്തന്നെ ചീത്ത വിചാരങ്ങളിലൂടെ മനസ്സിനെ നയിക്കരുത്... കുഞ്ഞുനാളിൽ മുതലേ ഉരുക്കഴിച്ചുപോന്ന സദാചാരബോധങ്ങൾ ഗോവിന്ദനുണ്ണിയെ പെട്ടെന്ന് കീഴടക്കുകയായിരുന്നു. ഉറങ്ങുകയാണെന്നുതന്നെ വനജ ധരിച്ചോട്ടെ. അടുത്ത ചുംബനവും കിട്ടും എന്ന മോഹത്തോടെ അയാൾ ഉറക്കമഭിനയിച്ച് അനങ്ങാതെ കിടന്നു.

ഉണ്ണ്യേട്ടന്റെ കവിളിലെ തരിപ്പും കൈത്തണ്ടകളിലെ രോമഹർഷവും വനജ വേഗം തിരിച്ചറിഞ്ഞു. അവൾക്ക് പെട്ടെന്ന് നാണം തോന്നി. ഉണ്ണ്യേട്ടൻ ഇപ്പോൾ തന്നെ വാരിപ്പുണരും എന്ന തോന്നലിൽ, ലജ്ജയിൽ പൊതിഞ്ഞ പുഞ്ചിരിയോടെ മുഖം വെട്ടിച്ച് ഉലഞ്ഞെഴുന്നേറ്റ് കിടക്കയിൽ കൈ കുത്തിയിരുന്ന് അവൾ ചുമലിനു മുകളിലൂടെ ഒന്ന് എത്തിനോക്കി. ഭാഗ്യം! കട്ടിലിന്റെ ഞരക്കത്തിലും ഉണ്ണ്യേട്ടൻ ഉണർന്നിട്ടില്ല, അവൾ ആശ്വാസം പൂണ്ടു.

വനജ മെല്ലെയെഴുന്നേറ്റ് അടുക്കളയിലേക്ക് നടന്നു. ഇവിടെ വന്നതിനുശേഷം രാവിലെ എണീറ്റാലുടനെ ചായ കുടിക്കുന്ന സ്വഭാവം അപ്പാടെ നിന്നുപോയി. ഫ്രിഡ്ജ് വാങ്ങിക്കഴിഞ്ഞിട്ടില്ലെങ്കിലും പാൽ നേരത്തെ എത്തുന്നതുകൊണ്ട് ചായ ഉണ്ടാക്കാൻ വിഷമമൊന്നുമില്ല. പക്ഷേ, ഉണ്ണ്യേട്ടൻ രാവിലെ കുളിച്ച് പൂജ ചെയ്തശേഷമേ ചായ കുടിക്കൂ. ഉണ്ണ്യേട്ടൻ പങ്കുചേരാതെ, ഒറ്റക്ക് ചായ ഉണ്ടാക്കി കുടിക്കാൻ ഒരു രസവുമില്ല.

തലേന്നു രാത്രിയിലെ അത്താഴപ്പാത്രങ്ങൾ സിങ്കിൽ കുമിഞ്ഞു കൂടിക്കിടക്കുന്നു. ഉണ്ണ്യേട്ടന് ഈ പതിവും തീരെ ഇഷ്ടമല്ല. രാവിലെ എണീറ്റ് എച്ചിൽപാത്രങ്ങൾ കഴുകുന്നതിലും അശ്രീകരമായി ഒന്നുമില്ലത്രെ! പക്ഷേ, ഒരു നിർവ്വാഹവുമില്ല. വൈകീട്ട് എട്ടുമണിയ്ക്ക് വെള്ളത്തിന്റെ വരവ് നിലക്കുന്നു. ഉണ്ണ്യേട്ടൻ ഓഫീസിൽ നിന്നും തിരിച്ചെത്തുത് എട്ടരക്കും.

വനജ ടാപ്പ് തുറന്നുനോക്കി. ഇല്ല, വെള്ളം ഇനിയും വന്നു തുടങ്ങിയിട്ടില്ല.

പെട്ടെന്ന് ബെഡ് റൂമിലെ വിളക്കു തെളിഞ്ഞത് വനജ ശ്രദ്ധിച്ചു. ഇന്ന് ഉണ്ണ്യേട്ടനും നേരത്തെ ഉണർന്നിരിക്കുന്നു. ഈശ്വരാ... അബദ്ധത്തിൽ താൻ ഉണർത്തിയതാണോ? ലജ്ജയുടെ നേരിയ പടലം ആ മുഖത്ത് വീണ്ടും നിഴലിച്ചു.

വെള്ളം വന്വോ കുട്ടീ? ഗോവിന്ദനുണ്ണി കിടപ്പറയിൽ നിന്നും വിളിച്ചു ചോദിച്ചു.

ഇല്യ, ഉണ്ണ്യേട്ടാ.. അഞ്ച് ഇരുപതേ ആയുള്ളൂ. പത്തു മിനുട്ട് കൂടി സമയ്യ്ണ്ട്

ഗോവിന്ദനുണ്ണി എഴുന്നേറ്റ് കിടക്ക തെറുത്ത് കട്ടിലിന്റെ തലയ്ക്കൽ വെച്ചു.

വനജക്ക് ഗോവിന്ദനുണ്ണിയുടെ ഈ സ്വഭാവം ആദ്യത്തിൽ കൗതുകം ഉണ്ടാക്കിയിരുന്നു. അവളുടെ വീട്ടിൽ കട്ടിലിലെ കിടക്കകൾ മടക്കിവെക്കുന്ന പതിവില്ല. കിടക്കകൾ മടക്കിവെച്ചില്ലെങ്കിൽ എന്താ ഇത്ര അശ്രീകരത്തം? ഉണ്ണ്യേട്ടന്റെ തറവാട്ടിൽ ഇപ്പോഴും പഴയ ചിട്ടകൾ പലതും തുടർന്നുപോരുന്നു.

ഒരു പത്തു മിനുട്ടു കൂടി കെടന്നോളൂ ഉണ്ണ്യേട്ടാ. വെള്ളം വന്നിട്ട് കുളിക്കാൻ കേറ്യാ മതീട്ടോ. പിടിച്ചുവെച്ച വെള്ളത്തിന് ഭയങ്കര തൺപ്പാണ്.

ഗോവിന്ദനുണ്ണി കുളിച്ച് പൂജക്കൊരുങ്ങി വന്നപ്പോഴേക്കും വനജ സിങ്കിലെ പാത്രങ്ങളെല്ലാം അടുക്കളയോടു ചേർന്ന ചെറിയ ബാൽക്കണിയിലേക്ക് മാറ്റി. കഴുകലെല്ലാം വേലക്കാരി ചെയ്തുകൊള്ളും.

നന്നെ വീതികുറഞ്ഞ അടുക്കളയിൽ, സിമന്റിൽ വാർത്ത ഷെൽഫിന്റെ താഴത്തെ പടിയിലാണ് ഗോവിന്ദനുണ്ണി പൂജക്കുള്ള സംവിധാനമൊരുക്കിയിരിക്കുന്നത്.. ചുമരിൽ വെച്ചിരിക്കുന്ന ചില ചിത്രങ്ങളും, പടിയിൽ ചെമ്പുതളികയിൽ വെച്ചിരിക്കുന്ന വിഗ്രഹങ്ങളും അങ്ങിങ്ങു ചിതറിക്കിടക്കുന്ന പൂക്കളും മുനിഞ്ഞു കത്തിക്കൊണ്ടിരിക്കുന്ന ഒരു ദീപവും കൂടിയാവുമ്പോൾ ഗോവിന്ദനുണ്ണിയുടെ ശ്രീകോവിൽ ആയി. മന്ത്രോച്ചാരണങ്ങളോടേയും ആവാഹനത്തോടേയും മുക്കാൽ മണിക്കൂറോളം നീണ്ടുനിൽക്കുന്ന പൂജ അവസാനിക്കുന്നത് ആ ചെറിയ അടുക്കളയിൽ കോണോടുകോൺ ചേർന്ന നമസ്കാരത്തോടെയാണ്. ഇതിനിടയിൽ വനജ പ്രാതലും ഗോവിന്ദനുണ്ണിക്കുള്ള ഉച്ചഭക്ഷണവും അടുക്കളയിൽ തയ്യാറാക്കുന്നു. ഗോവിന്ദനുണ്ണിയുടെ പൂജക്ക് തടസ്സം വരാതെ, ഒരു ട്രപ്പീസുകളിക്കാരിയുടെ മെയ്‌വഴക്കത്തോടെയാണ് വനജ ഈ സമയം അടുക്കളയിൽ പെരുമാറുന്നത്.

ഗോവിന്ദനുണ്ണി പതിവുപോലെ ഓഫീസിൽ പോകുവാൻ തയ്യാറായി നിന്നപ്പോഴേക്കും വനജ ഉച്ചക്കുള്ള ചോറും കറികളും പാത്രത്തിൽ തയ്യാറാക്കിയിരുന്നു. നല്ല ചൂടുള്ള ലഞ്ച് ബോക്സ് ഗോവിന്ദനുണ്ണിയുടെ ബാഗിൽ വെക്കുന്ന സമയത്ത് വനജ തരം പോലെ കെഞ്ചി.

ഉണ്ണ്യേട്ടാ, ഇന്ന് ഉച്ചക്കു ശേഷം ലീവെടുത്ത് നേരത്തെ വരാൻ പറ്റ്വോ? എത്ര ദിവസായി അമ്പലത്തിൽ പോകാൻ നമ്മൾ ഒരുങ്ങീട്ട്? ഓഫ് ഡേയിൽ പോകൽ നടക്കിണില്ല്യ. പ്ലീസ്, ഉണ്ണ്യേട്ടാ...

നോക്കട്ടെ... സേട്ടുവിന്റെ മൂഡ് അനുസരിച്ച് ഇരിക്കും. ഏതായാലും കുട്ടി റെഡിയായി ഇരുന്നോളൂ, ട്ട്വോ.

ഒരു ബസ്സും പിന്നെ ഒരു സബർബ്ബൻ ട്രെയിനും കയറിയിട്ട് വേണം ഗോവിന്ദനുണ്ണിക്ക് ഓഫീസിലെത്താൻ. ഒരു ഇമ്പോർട്ട് എക്സ്പോർട്ട് കമ്പനിയിൽ സെക്രട്ടറിയാണ് ഗോവിന്ദനുണ്ണി. അയാളുടെ മിടുക്കും സാമർത്ഥ്യവുമൊന്നുമല്ല സേട്ടുവിന് മതിപ്പ്, ആത്മാർത്ഥതയും കൂറുമാണ്. ഗോവിന്ദനുണ്ണിയുടെ അമ്മാവൻ ഈ നഗരത്തിൽ കുറേ കാലം റിസർവ്വ് ബാങ്കിൽ ഉന്നതപദവിയിൽ ഇരുന്നിരുന്നു. അദ്ദേഹം മുഖാന്തിരം ഒരു പാട് ബന്ധുക്കളും പരിചയക്കാരുടെ മക്കളും ഈ നഗരത്തിലേക്ക് ചേക്കേറി. അവരിൽ പലരും അന്യനഗരങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കും കുടിയേറിയെങ്കിലും ഗോവിന്ദനുണ്ണി ഒരു വിശ്വസ്തനായ സിൽബന്തിയായി തുടക്കം മുതലേ ഈ സേട്ടുവിന്റെ കമ്പനിയിൽ തുടരുന്നു.

ഗോവിന്ദനുണ്ണിയുടെ അമ്മാമൻ വഴിയാണ് വനജക്ക് കല്യാണാലോചന വന്നത്. കുറച്ചുകൂടി വിദ്യാഭ്യാസയോഗ്യതയുള്ള ആളായിരിക്കണം വരൻ എന്ന അഭിപ്രായം വനജക്കുണ്ടായിരുന്നു. പക്ഷേ, വനജയുടെ വീട്ടുകാർക്ക് ഗോവിന്ദനുണ്ണിയുടെ അമ്മാമനോടുള്ള മതിപ്പിലും ആദരവിലും ഈ അഭിപ്രായം പരിഗണനയിൽ വന്നതേ ഇല്ല.

പഠിപ്പ് പഠിപ്പ് എന്നു പറഞ്ഞിരുന്നാൽ ഇതന്ന്യാണ് പെണ്ണ്ങ്ങൾടെ അവസ്ഥ... അമ്മ അവളെ ഗുണദോഷിച്ചു. ആരു വന്നാലും തൃപ്ത്യാവില്ല്യ... ല്ലാണ്ടെ എന്തു ഗുണാള്ളേ പെണ്ണുങ്ങള് പഠിച്ചട്ട്?

വനജ ഗണിതത്തിൽ മാസ്റ്റേഴ് ബിരുദം നേടിയതിനു ശേഷം യൂണിവേഴ്സിറ്റി നേരിട്ടു നടത്തു ഒരു കമ്പ്യൂട്ടർ ഡിപ്ലോമ കോഴ്സും പൂർത്തിയാക്കിയിരുന്നു. തന്റെ വിദ്യാഭ്യാസയോഗ്യതക്കു ചേർന്ന എന്തെങ്കിലും ഒരു ജോലി ചെയ്താൽ കൊള്ളാമെന്നുണ്ട് വനജക്ക്. ഗോവിന്ദനുണ്ണിക്കും അതിൽ അഭിപ്രായവ്യത്യാസമൊന്നും ഇല്ല.

അടുത്തുള്ള സ്കൂളിൽ ടീച്ചർ തസ്തികയിലേക്ക് ഒഴിവുണ്ടെന്ന് വനജ അറിഞ്ഞു. ബി.എഡ് ബിരുദം നിർബ്ബന്ധമില്ല, പക്ഷേ ഭാഷ തടസ്സമാകുന്നു. കമ്പ്യൂട്ടർ തുറയിൽ ഏതെങ്കിലും ഒരു ജോലി കിട്ടണമെന്ന് മോഹമുണ്ട് വനജക്ക്. പക്ഷേ അതിന് ഈ മേഖലയിൽ പരിചയവും കുറച്ചു പിടിപാടുകളും വേണം. ഓഫീസും വീടും മാത്രമായി കഴിയുന്ന ഉണ്ണ്യേട്ടന് അതുണ്ടെന്ന് വനജക്ക് തോന്നുന്നില്ല.

അന്ന് അമ്പലത്തിൽ വെച്ചു വനജ ഗോവിന്ദനുണ്ണിയുടെ സുഹൃത്തുക്കളും പരിചയക്കാരുമായി പലരേയും പരിചയപ്പെട്ടു. അവരിൽ ഒരാളായിരുന്നു ആർ.എസ്. മേനോൻ എന്നൊരു ചെറുപ്പക്കാരൻ. അദ്ദേഹം സ്വന്തമായി ഒരു റിക്രൂട്ടിംഗ് കമ്പനി നടത്തുന്നു. മൾട്ടിനാഷണൽ സോഫ്റ്റ്‌വെയർ കമ്പനികൾ ഇന്ത്യയിൽ പല കേന്ദ്രങ്ങളിലും നടത്തുന്ന പ്രവേശനപരീക്ഷകൾ നടത്തുന്നതിന് ഒത്താശകൾ ചെയ്യുന്ന പല സ്ഥാപനങ്ങളിൽ ഒന്നാണ് ആർ.എസ്. മേനോൻ നടത്തിവരു എക്സോസോഫ്റ്റ് കൺസൾടിംഗ് എന്റർപ്രൈസസ്. വനജ ഇദ്ദേഹത്തോട് കൂടുതൽ നേരം സംസാരിച്ചിരിക്കുവാൻ താൽപര്യം കാണിച്ചു. കൂട്ടത്തിൽ തന്റെ ഡിപ്ലോമയെ പറ്റി മേനോനോട് സൂചിപ്പിക്കുകയും ചെയ്തു.

പ്രോഗ്രാമിംഗ്, ഇമേജ് പ്രോസസ്സിംഗ്, കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ മുതലായ വിഷയങ്ങൾ പഠിച്ചിട്ടുണ്ടെറിഞ്ഞപ്പോൾ മേനോൻ ഒരു ജോലിയെക്കുറിച്ച് അറിയിച്ചു. ഇതൊരു സ്വകാര്യസ്ഥാപനമാണ്. മാത്രമല്ല, രഹസ്യസ്വഭാവമുള്ള ജോലിയുമാണ്. ഇന്റലിജെൻസ് ബ്യൂറോ, പോലീസ് ഡിപ്പാർട്ട്മന്റ് മുതലായ സ്ഥാപനങ്ങളിലെ ജോലിയാണ് ഏറിയ കൂറും ഇവർക്ക് ലഭിക്കാറുള്ളത്. കുട്ടിക്ക് താൽപര്യമുണ്ടെങ്കിൽ ഞാൻ ചോദിച്ചു നോക്കാം.

അയ്യോ ശിവരാമാ... അങ്ങനത്തെ ജോലിയൊന്നും വേണ്ട, ട്ട്വോ!, ഗോവിന്ദനുണ്ണി വിലക്കി. നോക്കൂ... ഈ തെഹൽക്ക പോലത്തെ ജോലിയൊന്നും നമ്മക്ക് പറ്റീതല്ല.

കേട്ടിട്ട് ഇതങ്ങനത്ത ജോലിയൊന്നുമല്ലാന്നാണ് എനിക്ക് തോന്നണെ. ഒന്നു പോയി നോക്ക്യാലെന്താ ഉണ്ണ്യേട്ടാ? ഒന്നു രണ്ട് സ്ഥലത്ത് പോയിനോക്ക്യാലല്ലേ എങ്ങനത്തെ ജോല്യാ കിട്ടാൻ ചാൻസ് എന്നൊക്കെ അറിയാൻ പറ്റുള്ളൂ. പോയിനോക്കീട്ട് ശര്യാവുംന്ന് തോന്നണില്യാച്ചാപ്പോരേ വേണ്ടാന്ന് വെയ്ക്കല്.

എന്നാ ഞാനിന്നന്നെ അങ്ങോരോട് സംസാരിക്കാം, ല്ലേ? മേനോന് വനജയുടെ പെരുമാറ്റത്തിലെ മിടുക്കിൽ മതിപ്പു തോന്നി. ചെലപ്പൊ നാളെത്തന്നെ റെഡ്യായീട്ട് ഇരിക്കണ്ടി വരും, ട്റ്റോ. പുള്ളി അങ്ങന്യാ.. തൃപ്തിയായീച്ചാ ഒക്കെ വേഗം കഴിയും. അങ്ങന്യാ അങ്ങോരടെ നേച്ചറ്. എങ്ങന്യാ നിങ്ങളെ അറീക്കേണ്ടേ?

ഗോവിന്ദനുണ്ണി അവരുടെ അയൽപക്കക്കാരന്റെ ഫോൺ നമ്പർ മേനോന് കൊടുത്തു.

വനജക്ക് സഹായത്തിനായി പിറ്റേന്ന് കൂടി ഗോവിന്ദനുണ്ണിക്ക് അവധിയെടുക്കേണ്ടിവന്നു.

ബോസ് മാത്രമേ വനജയെ ഇന്റർവ്യൂ ചെയ്യുവാൻ ഉണ്ടായിരുന്നുള്ളു. ഗോവിന്ദനുണ്ണിയും വനജയും ബോസിന്റെ ക്യാബിനിലേക്ക് ആനയിക്കപ്പെട്ടു.

ഇമേജ് പ്രോസസ്സിംഗിനെ കുറിച്ചുള്ള ചോദ്യങ്ങളോടെയാണ് ഇന്റർവ്യൂ ആരംഭിച്ചതു. ഫൂരിയർ ട്രാൻസ്ഫോം, വേവ്ലെറ്റ് അനാലിസിസ് മുതലായ നൂതന സാങ്കേതികവിദ്യകൾ ഉൾക്കൊണ്ട ഒരു പ്രോജക്ട് ആണ് വനജ ഡിപ്ലോമക്കു വേണ്ടി ചെയ്തിരുന്നത് എന്നറിഞ്ഞപ്പോൾ ബോസിനു താൽപര്യം വർദ്ധിച്ചു.

ബോസിന് വനജയുടെ കമ്പ്യൂട്ടർ വിജ്ഞാനവും പാഠ്യമണ്ഡലവും നന്നെ ബോധിച്ചു. അതിനെ തുടർന്ന് ജോലിയുടെ വിശദാംശങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു കൊടുത്തു. ഇന്റലിജൻസ് വിഭാഗത്തിനും പോലീസിനും തനതായ അനലറ്റിക് വിംഗ് ഉണ്ടെങ്കിലും ചില രഹസ്യസ്വഭാവമുള്ള ജോലികൾ അവർ ഈ സ്ഥാപനത്തെ ഏൽപിക്കാറുണ്ട്. ഡി.എൻ.എ., വിരലടയാളങ്ങൾ, സിറ്റി മാപ്പുകൾ, ഭൂപടങ്ങൾ മുതലായി ഡിപ്പാർട്ട്മന്റ് സൂക്ഷിക്കുന്ന ഡാറ്റാ ബാങ്കിന്റെ വ്യാപ്തിയും ആഴവും വളരെ വിപുലമാണ്. വെബ്ബ് വഴി ഈ രഹസ്യ ഡാറ്റ കൈമാറ്റം ചെയ്യുമ്പോൾ അതീവ സുരക്ഷാനിലപാടുകൾ കൈവരിക്കേണ്ടതുണ്ട്. അതിനുവേണ്ട എൻക്രിപ്റ്റിംഗ് സമ്പ്രദായങ്ങൾ വിപുലവും കുറ്റമറ്റതും ആയിരിക്കണം. ഇതു ഈ കമ്പനിയുടെ പ്രധാന ചുമതലകളിൽ ഒന്നാണ്.

വനജയുടെ ജോലി ഈ മേഖലയിലായിരിക്കും. പക്ഷേ, തുടക്കത്തിൽ തന്നെ ആ തസ്തികയിൽ ആയിരിക്കില്ല നിയമനം. അടിയന്തിരസ്വഭാവമുള്ളതും, ക്ലിപ്തകാലാവധിയിൽ തീർക്കേണ്ടതുമായ ഒരു പ്രോജക്ട് ഈയിടെയായി കമ്പനിക്ക് ലഭിച്ചിട്ടുണ്ട്. ആദ്യത്തെ ആറു മാസം ഈ ജോലിയിലേക്കായിരിക്കും നിയമനം. ആ ജോലിയുടെ സ്വഭാവവും ബോസ് വിശദീകരിച്ചുകൊടുത്തു.

ഒരേ വസ്തുവിന്റെ രണ്ട് ഛായാപടങ്ങളിലെ തദാത്മ്യം മനുഷ്യമസ്തിഷ്ക്കം എളുപ്പത്തിൽ കണ്ടുപിടിക്കുന്നു എങ്കിലും യന്ത്രങ്ങളുടെ പ്രോസസ്സിംഗ് ഭാഷയിൽ അത്യന്തം ദുഷ്ക്കരമായ ഒരു ജോലിയാണിത്. ഒരുപാട് 'വെക്ടർ ട്രാൻസ്ഫോർമേഷ'നുകളിലൂടെ പടങ്ങളുടെ വിവിധ പാർശ്വവീക്ഷണങ്ങൾ പുനർനിർമ്മിക്കുകയും, ഓരോ ഘട്ടങ്ങളിലും രണ്ടു ഛായകൾ തമ്മിലുള്ള ചേർച്ച തിട്ടപ്പെടുത്തുകയും, ആ വിധത്തിൽ കോഫിഡൻസ് ഇൻഡക്സ് നിർണ്ണയിക്കുകയുമാണ് ഈ പ്രക്രിയയുടെ യന്ത്രഭാഷ. വിരലയാടങ്ങൾ താരതമ്യം ചെയ്യുതും ഏതാണ്ടിതേ രീതിയിൽ തന്നെയാണ്. ത്രിമാനതലത്തിൽ ഇത്തരത്തിലുള്ള ട്രാൻസ്ഫൊർമേഷനുള്ള സാദ്ധ്യതകൾ അനന്തമാണെന്നിരിക്കേ, മനുഷ്യബുദ്ധിക്ക് സമാനമായ യുക്തി ഈ വഴികൾ തിരഞ്ഞെടുക്കേണ്ടതിലേയ്ക്ക് ആവശ്യമായി വരുന്നു. യന്ത്രഭാഷയിൽ പറഞ്ഞാൽ, എഫിഷ്യന്റ് അൽഗോരിതം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന മേഖലയായും ഇത്തരം ഗവേഷണങ്ങൾക്ക് ബന്ധമുണ്ട്.

ചുരുക്കത്തിൽ പറഞ്ഞാൽ, അനിമേഷൻ ചലച്ചിത്രങ്ങളിലും മറ്റും ഉപയോഗിച്ചുവരുന്ന മോർഫിംഗ് തന്നെ, ബോസ് തുടർന്നു. ശരിക്കും മോർഫിംഗ് അല്ല, അതിന്റെ ഒരു വകഭേദം എന്നു പറയാം. ഇവിടത്തെ പ്രധാനവ്യത്യാസം, രണ്ടു പടങ്ങൾ തമ്മിലുള്ള ചേർച്ച ഓരോ ഘട്ടത്തിലും തുലനം ചെയ്യേണ്ടിവരും എന്നതാണ്. അതിനെ കുറ്റമറ്റതും, കാര്യക്ഷമവുമാക്കുക എന്നതാണ് ഇപ്പോൾ ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന പുതിയ പ്രോജക്ട്. ഈ പ്രോജക്ടിലേക്കായിരിക്കും നിയമനം.

ഗോവിന്ദനുണ്ണി ഒന്നും മിണ്ടാതെ ഇരിപ്പാണ്. അപ്പോൾ ചർച്ച ചെയ്ത വിഷയങ്ങളുടെ സാങ്കേതികവശമൊന്നുംതന്നെ ഗോവിന്ദനുണ്ണിക്ക് മനസ്സിലായില്ല. ഒരു കൂസലുമില്ലാതെ ബോസിനോട് സംസാരിച്ചിരിക്കയും, അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്ക് പതറാതെ മറുപടി നൽകുകയും ചെയ്തിരുന്ന തന്റെ ഭാര്യയുടെ മുഖത്ത് അദ്ദേഹം കൗതുകത്തോടും അഭിമാനത്തോടും കൂടി നോക്കിയിരുന്നു.

ഈ സോഫ്റ്റ്‌വെയർ വികസിപ്പിച്ച് എടുക്കുക മാത്രമല്ല പ്രോജക്ട്. രേഖകളുടെ പരിശോധനയിലും ഡിപ്പാർട്ടുമന്റുകളെ സഹായിച്ചുകൊണ്ടിരിക്കണം. സൊ ടു സെ, ഔറ്റ് സോഴ്സിംഗ് ഓഫ് ലേബർ... ബട്ട് ഓൺ ക്ലാസ്സിഫൈഡ് ഡൊമൈൻ. ഇൻ ആൾ റെസ്പെക്ട്, ഇറ്റ്സ് എ ചാലഞ്ചിംഗ് ടാസ്ക്ക്, വെരി ചാലഞ്ചിംഗ്! ബോസ് പറഞ്ഞുനിർത്തി.

അയാം റെഡി ടു അക്സെപ്റ്റ് ദ ചാലഞ്ച്! വനജ ഇതെങ്ങിനെ പറഞ്ഞുതീർത്തുവേന്ന് അവൾക്കുതന്നെ മനസ്സിലായില്ല.

വനജയുടെ കഴിവിൽ സംതൃപ്തനായ ബോസ് തുടർന്നു. ശരി, നിങ്ങൾക്ക് നാളെത്തന്നെ ജോലിയിൽ പ്രവേശിക്കാം. ഒരാഴ്ചത്തെ ട്രെയിനിംഗ്. ഇവാല്യുവേഷനുശേഷമേ സ്ഥിതീകരിക്കുള്ളു. പിന്നെ, ജോലിയുടെ രഹസ്യസ്വഭാവത്തെപ്പറ്റി നിങ്ങളെ പ്രത്യേകിച്ച് ഓർമ്മിപ്പിക്കേണ്ടതില്ലല്ലോ. ഡാറ്റ എൻട്രിയാണ് ജോലി എന്നേ നിങ്ങൾ മറ്റുള്ളവരോട് പറയാവൂ. ഗോവിന്ദനുണ്ണിയുടെ നേരെ നോക്കി ബോസ് തുടർന്നു... നിങ്ങളും!

ഉരുളയിൽ കല്ലു കടിച്ചപോലെ തോന്നി ഗോവിന്ദനുണ്ണിക്ക്. എന്താണ് ഈ രഹസ്യസ്വഭാവം? ഈശ്വരാ... അപകടങ്ങളുടെ

വഴിയിലേക്കാണോ ഇറങ്ങിത്തിരിക്കുന്നത്?

ദൊരു നേരും നെറീം ല്യാത്ത ജോലി പോലെയാണ് എനിക്ക് തോന്നണേ. ദ് വേണ്ടാക്ക്യാ ഭേദം തോന്ന്ണു. കമ്പനിയുടെ പടിയിറങ്ങുമ്പോൾ ഗോവിന്ദനുണ്ണി അഭിപ്രായപ്പെട്ടു.

ഉണ്യേട്ടന് ഈ ജോലിയെപ്പറ്റി ഒന്നും അറിയാത്തോണ്ടാ ഇങ്ങന്യൊക്കെ തോന്നണേ. വനജ പറഞ്ഞു. ഞാൻ ഇതുവരെ പഠിച്ച വിവരൊക്കെ ഇതിലും നന്നായി ഉപയോഗിക്കാൻ പറ്റണ വേറൊരു ജോലി ഉണ്ടാവും എന്ന് എനിക്ക് തോന്നണില്യ.

ഗോവിന്ദനുണ്ണി നിശ്ശബ്ദനായി. എങ്കിലും ലോക്കൽ ട്രെയിനിൽ അടുത്തിരുന്നു യാത്ര ചെയ്യുമ്പോൾ അയാൾ വീണ്ടും അഭിപ്രായപ്പെട്ടു.

നമക്ക് നമ്മൾടെ കാര്യങ്ങളന്നെ നേര്യാക്കാൻ പറ്റണില്യ, ന്നട്ടാ! ദൊന്നും ശര്യാന്ന് എനിക്ക് തോണില്യാന്നേ ഞാൻ പറഞ്ഞുള്ളു. ഇന്യൊക്കെ കുട്ട്യന്നെ തീരുമാനിച്ചോളൂ. ആരാന്റെ വേലിക്കല് കെടക്കണ പാമ്പിനെ സ്വന്തം തൊടീൽക്ക് ഇട്ടാൊക്കെ കേട്ടിട്ടില്യേ....

അങ്ങനെ പേടിക്കാനൊന്നൂല്യ, ഉണ്യേട്ടാ, ഞാൻ മാത്രോന്നല്ലല്ലോ അവടെ ജോലി ചെയ്യണത്? വനജ ഗോവിന്ദനുണ്ണിയെ സമാധാനിപ്പിച്ചു. രണ്ടുമൂന്നു കൊല്ലങ്ങളായില്യേ അവർ ഈ ജോലി തൊടങ്ങീട്ട്? എന്തെങ്കിലും ഇതുവരെ പറ്റീട്ടുണ്ടോ? കുറച്ചുനേരത്തിനു ശേഷം വനജ ചിരിച്ചുകൊണ്ട് തുടർന്നു. ഉണ്യേട്ടൻ പറേണ പോല്യാണെങ്കിൽ ഈ പോലീസ് ഡിപ്പാർട്ട്മെന്റൊക്കെ അടച്ചുപൂട്ടേണ്ടിവരൂലോ!

ഇപ്പൊ വേണ്ട, കുട്ടീ നമക്കീ വർത്തമാനം പറയൽ ഗോവിന്ദനുണ്ണി അങ്ങുമിങ്ങും നോക്കിക്കൊണ്ട് പതുക്കെ മന്ത്രിച്ചു. വീട്ടിലെത്തട്ടെ, ൻൺട്ട് മതി!

ഗോവിന്ദനുണ്ണിയുടെ മനസ്സിൽ ഉയർന്ന ഭീതി നഗരത്തിലെ അധോലോകത്തെ കുറിച്ചായിരുന്നു. എത്ര ഗോപ്യമായാലും, ഇത്തരം പ്രവർത്തനങ്ങൾ അവരുടെ ശ്രദ്ധയിൽ പെടാതെ വരുമോ? അധോലോകത്തേയും അവരുടെ കരുത്തിനെക്കുറിച്ചും വനജയോട് സൂചിപ്പിക്കാൻ പോലും ഭയന്ന്, അയാൾ വണ്ടിയിൽ വിഷണ്ണനായി നിമിഷങ്ങൾ കഴിച്ചുകൂട്ടി.

കുട്ടീ, ആരടെ പടങ്ങളാണ് ഇങ്ങനെ പ്രോസസ്സ് ചെയ്യേണ്ടി വര്വാ? വീട്ടിൽ തിരിച്ചെത്തിയശേഷം അറച്ചറച്ച് അയാൾ വനജയോടു ചോദിച്ചു.

കേഡികൾടേം കള്ളന്മാരടേം... അല്ലാണ്ടാരട്യാ? പേടിക്കണ്ട, ഉണ്യേട്ടാ... നമ്മള് അറിയണ ആരടേം പടം ണ്ടാവില്ല! വനജ ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞെങ്കിലും ആ ചിരിയിൽ ഗോവിന്ദനുണ്ണിക്ക് പങ്കുചേരാനായില്ല. എന്തിനെക്കുറിച്ചാണ് പേടിയെ് വനജയോട് പറയണമെന്നുണ്ട്, പക്ഷേ അതു ചങ്കിൽത്തന്നെ തടഞ്ഞുനിൽക്കുന്നു.

പിറ്റേന്ന് ഗോവിന്ദനുണ്ണി ഓഫീസിലിറങ്ങു സമയത്ത് വനജയും പുതിയ ജോലിസ്ഥലത്തേക്ക് ഒരുങ്ങിയിറങ്ങി.

കുട്ടീ, പരദേവതകളെയൊക്കെ നന്നായി തൊഴുത് ഇറങ്ങിക്കോളൂ, ട്ട്വോ! അവര് നിരീച്ചാ നേര്യാവാത്തത് ഒന്നൂല്യ., ഗോവിന്ദനുണ്ണി പറഞ്ഞു. പണിക്കാരി ഇനി രാത്രി വന്ന്ട്ടെ, ല്ലേ? ദോക്കൂ, അവരോടൊന്നും ഈ കമ്പനീലാ ജോലീന്നൊന്നും പറേണ്ടാ, ട്ട്വോ. ഇന്നലെ ഇന്റർവ്യൂ കഴിഞ്ഞപ്പൊ ആ വിദ്വാൻ പറഞ്ഞതോർമ്മേല്യേ?

ഓഫീസിലേക്ക് യാത്ര ചെയ്തിരുന്ന ഗോവിന്ദനുണ്ണിയുടെ മനസ്സിൽ ആധി പെരുകിവന്നു. മനസ്സ് എപ്പോഴും വേണ്ടാത്ത വിചാരങ്ങളിൽ ഏർപ്പെടുന്നു. എത്ര ശ്രമിച്ചാലും അതിൽനിന്നും വിടുവിക്കാൻ കഴിയുന്നില്ല.

എപ്പോഴും ശ്രദ്ധിക്കപ്പെടുന്നു എന്നൊരു തോന്നൽ അയാളുടെ സഹചാരിയായിത്തീർന്നു. എന്നാൽ, അതൊട്ടു വനജയോടു പറയാനും കഴിയുന്നില്ല. വനജയോടെല്ല, ആരോടും.

അന്നൊരു ദിവസം ഗോവിന്ദനുണ്ണി ഏറെ ഭയചകിതനായാണ് ഓഫീസിൽ നിന്നും വന്നത്. അന്നത്തെ മിഡ്-ഡേ പത്രത്തിൽ വന്ന വാർത്ത അയാളെ ഏറെ ഭയപ്പെടുത്തി. നഗരത്തിലെ ഒരു പ്രധാന ബിൽഡറെ വാടകക്കൊലയാളികൾ പട്ടാപ്പകൽ വെടിവെച്ചു കോന്നിരിക്കുന്നു. ഒരു നാൽക്കവലയിൽ, ട്രാഫിക് സിഗ്നലിനു വേണ്ടി കാത്തുകിടിരുന്ന മെഴ്സിഡീസ് ബെൻസിനു നേരെയാണ് മോട്ടോർ സൈക്കിളിൽ പിന്തുടർന്നിരുന്ന കൊലയാളികൾ നിറയൊഴിച്ചതു. അധോലോകത്തിന് മാസപ്പടി നൽകാഞ്ഞതിലുള്ള ശിക്ഷ.

പത്രം വായിച്ച ഉടനെ, സേട്ടുവിനെ കണ്ട് നല്ല ദേഹസുഖമില്ല എന്നു പറഞ്ഞിറങ്ങുകയാണ് ഗോവിന്ദനുണ്ണി ചെയ്തത്.

വനജ ഓഫീസിൽ നിന്നും തിരിച്ചെത്തിയിട്ടില്ല. ഭഗവാനേ... ആപത്തൊന്നും വരുത്തല്ലേ... ഗോവിന്ദനുണ്ണി മനസ്സുരുകി പ്രാർത്ഥിച്ചു.

കുട്ടി എവട്യായിരുന്നു ഇത്ര നേരം? ഓഫീസ് വിട്ടാ നേരെ വീട്ടില് വന്നൂടേ? കുറച്ചുനേരത്തിനു ശേഷം വന്നെത്തിയ വനജയെ ഗോവിന്ദനുണ്ണി ശാസിച്ചു.

ഞാൻ സാധാരണ വരണ സമയം തന്ന്യല്ലേ ഇത്? ഉണ്യേട്ടനെന്താ ഇന്ന് നേർത്തെ വന്നേ? സുഖല്യേ?

എന്തോ ഒരു സുഖല്യ, ഇന്ന്. കുറച്ചു സമയത്തിനുശേഷം ഗോവിന്ദനുണ്ണി തുടർന്നു. കുട്ടീ, ജോലിന്ന് പറഞ്ഞാ പൈസാ പൈസാന്ന് മാത്രല്ല. അതിനപ്പറോം ചെലത്ണ്ട്.

ശര്യാ ഉണ്യേട്ടൻ പറേണത്. പഠിച്ച വിഷയങ്ങൾ ഉപയോഗിക്കാൻ പറ്റണ ഒരു ജോലി കിട്ട്വാച്ചാ ഒരു ഭാഗ്യം തന്ന്യാ.

ഗോവിന്ദനുണ്ണി പറയാനൊരുങ്ങിവന്ന വിഷയത്തിന്റെ മുനയൊടിഞ്ഞു. എങ്കിലും എല്ലാ ശക്തിയും ആവാഹിച്ചെടുത്ത് അയാൾ പറഞ്ഞു.

എനിക്ക് തോന്ന്, കുട്ടി ഈ ജോലിയൊന്നു മാറണം,ന്ന്.

അയ്യോ! ഞാൻ ജോലി പറിച്ചു വരണല്ലേള്ളു, ഉണ്ണ്യേട്ടാ. ഇത് നല്ല രസള്ള ജോലിയാണ്. ഇതിലും നല്ല ജോലി എനിക്കെവിടെ കിട്ടാനാ? ഭാഗ്യം കൊണ്ടാണ് ഇത് കിട്ടീത്.

തുടർന്നൊന്നും പറയുവാനുള്ള കരുത്ത് ഗോവിന്ദനുണ്ണിക്കുണ്ടായില്ല. ആ സംസാരം അങ്ങനെ പകുതി വഴിയിൽ നിന്നു.

ഗോവിന്ദനുണ്ണിയുടെ ദേഹത്ത് തൊട്ടുനോക്കി വനജ പറഞ്ഞു. പനീണ്ട്ന്നൊന്നും തോന്നണില്യ, എന്നാലും എന്തോ ഒരു വയ്യായള്ള പോലെ തോന്നു. കഞ്ഞി മതീല്ലേ, ന്ന് രാത്രി?

അന്നു രാത്രി കഞ്ഞിയും കുരുമുളകു കഷായവും കഴിച്ച് കിടന്ന ഗോവിന്ദനുണ്ണിക്ക് ഉറക്കം വന്നില്ല. കാപാലികർ ബൂട്ടിട്ട് തങ്ങളുടെ ഫ്ലാറ്റിനു ചുറ്റും നടക്കുന്ന പോലെ അയാൾക്ക് തോന്നി. ഉള്ളിലെ കുരുമുളകു കഷായം വിയർപ്പിന് ആക്കം കൂട്ടി.

കുറേ നേരം അയാൾ കണ്ണും തുറന്നു കിടന്നു. വനജ അരികിൽ തളർന്നുറങ്ങുന്നു. രാത്രിയിലെ യാമമേറെ ചെന്നപ്പോൾ തളർന്ന മനസ്സും ശരീരവും അയാളെ പതുക്കെ നിദ്രയുടെ കൊട്ടാരവാതിൽക്കലെത്തിച്ചു.

ഉയർന്ന ഹൃദയമിടിപ്പും ക്ഷീണവും കൂടി ഘനരൂപം പ്രാപിച്ച് ആ ദേഹത്തിൽ നിന്നും തൈരിൽ നിന്നും വെണ്ണ എന്നപോലെ വേർപെട്ടു. ഉപരിതലത്തിലേയ്ക്ക് പൊന്തിവന്ന ഇത് ഒരു അരിപ്രാവിന്റെ രൂപം കൈക്കൊണ്ട്, കൊട്ടാരത്തിന്റെ തുറന്നിട്ട ജാലകത്തിന്റെ പാളിയിൽ പാറിവന്നിരിപ്പുറപ്പിച്ചു. നിനക്കാതെ ഇരിക്കുമ്പോൾ പൊട്ടിയ ഒരു വെടിയൊച്ചയിൽ ഈ പ്രാവ് പെട്ടെന്ന് പറന്നുയയരാൻ തുടങ്ങി. ഇരുട്ടിൽ കുറേ നേരം പറന്ന് ചിറകുകൾ കഴച്ച ആ അരിപ്രാവ് ഒടുവിൽ ഒരു മരക്കമ്പിൽ ഇരിപ്പുറപ്പിച്ചു. തലയുയർത്തി നോക്കിയപ്പോൾ, ചില്ലകൾക്കിടയിലൂടെ ആകാശത്തുണ്ടിൽ കാണപ്പെട്ട നീലജാലകത്തിൽ അങ്ങിങ്ങായി താരകങ്ങൾ മിന്നിത്തുടിക്കുന്നതു കാണായി. കൂടെക്കൂടെ കൺചിമ്പുന്ന താരകങ്ങൾ സ്ക്രീനിൽ പിക്സൽ ആയി സ്ഥാനമുറപ്പിക്കുന്നു. കാണെക്കാണെ മരിച്ചുപോയ അമ്മ ആ ജാലകത്തിൽ മോർഫ് ചെയ്യപ്പെട്ടു.

അമ്മേ, എനിക്ക് പേടിയാവ്ണൂ. അമ്മയുടെ മടിയിൽ തല ചേർത്ത് ഗോവിന്ദനുണ്ണി പറഞ്ഞു.

ഉണ്ണീ, നീ ഉറങ്ങാൻ കെടക്കണേനു മുമ്പ് അർജ്ജുനഃ ഫൽഗുനഃ ജിഷ്ണു ചൊല്ലാറില്യേ? അമ്മ മകന്റെ മുടി വിറങ്ങലിച്ച വിരലുകൾ കൊണ്ടു മാടിയൊതുക്കിക്കൊണ്ട് ചോദിച്ചു.

ഉവ്വ്, അമ്മേ എനിക്ക് എന്നിട്ടും പേടി മാറണില്യ.

എന്തിനാ ഉണ്ണീ നീയിങ്ങനെ പേടിക്കണത്? നമ്മളാരെയും ദ്രോഹിച്ചിട്ടൊന്നൂല്യല്ലോ?

അമ്മേ, ഞാനൊരിക്കലും നമ്മടെ കുലധർമ്മം വിട്ട് ജീവിച്ചിട്ടില്യ. ആർക്കും ഒരു ദ്രോഹോം ചെയ്യ്ട്ടില്യ. എന്നിട്ടും എന്തിനാ അമ്മേ അവര് നമ്മളെ വേട്ടയാടണേ?

അവരൊന്നും നമ്മളെ ഒന്നും ചെയ്യില്യ ഉണ്ണി. അവർക്കതാവൂല്യ. പേടിക്കണ്ട, ഉണ്ണീ. എത്ര കാലായി നമ്മള് തലമൊറ തലമൊറയായി 'കുലം ച കുലധർമ്മം ച മാം ച പാലയ പാലയ' ചൊല്ലി തൃപ്പാവ്ങ്കലമ്മയെ നമസ്ക്കരിക്കണു? അമ്മ കാക്കാണ്ടെരിക്കില്യ, നമ്മളെ.

അമ്മയുടെ വിരലുകൾ ഉണ്ണിയുടെ മുടിയിലോടി. ആ സാന്ത്വനത്തിൽ, നെഞ്ചിൽ നിന്നും വലിയ ഒരു കല്ല് താഴത്തേക്കു മാറ്റിയപോലുള്ള ഒരു ലാഘവം ഗോവിന്ദനുണ്ണിക്ക് അനുഭവപ്പെട്ടു. പതുക്കെപ്പതുക്കെ ആ വിരലുകൾക്ക് മൃദുത്വവും ഊഷ്മളതയും ഉണ്ണിക്ക് അനുഭവപ്പെട്ടുതുടങ്ങി. ആ വിരലുകൾ നെറ്റിയിലും, കവിളിലും പിന്നെ, പതുക്കെപ്പതുക്കെ കഴുത്തിലും എത്തിയപ്പോൾ ഗോവിന്ദനുണ്ണി ഉണർന്നു.

സോറി, ഉണ്ണ്യേട്ടാ ഞാൻ ഒണർത്തി, ല്ലേ? വനജ പറഞ്ഞു. ഞാൻ കെടപ്പഴേക്കും ഒറങ്ങിപ്പോയി. ഉണ്ണ്യേട്ടന് ഇപ്പൊ പനിയൊന്നും തോണില്യല്ലോ? പുറംകൈ കൊണ്ട്, ഗോവിന്ദനുണ്ണിയുടെ കഴുത്തിലെ ഊഷ്മാവു പരിശോധിച്ചുകൊണ്ട് വനജ ചോദിച്ചു.

ഇല്യ, കുട്ടീ, ഇപ്പോൾ നല്ല ഭേദണ്ട്.

തെരുവിൽ ബീറ്റ് പോലീസിന്റെ ബൂട്ട്സ് കരകരാ ശബ്ദം ഉണ്ടാക്കി അകകന്നു പോവുത് ഗോവിന്ദനുണ്ണി ശ്രദ്ധിച്ചു.

ഇപ്പൊ ഒക്കെ നല്ല ഭേദായ പോലെ. കുട്ടി ഒറങ്ങിക്കോളൂ, ട്ട്വോ. ഗോവിന്ദനുണ്ണി വനജയുടെ കൈ മെല്ലെ ദേഹത്തിൽ നിന്നും അടർത്തുമ്പോൾ പറഞ്ഞു.

അനിയന്റെ യഥാർത്ഥ പേര് ഡോ. കെ. പി. സുബ്രഹ്മണ്യൻ. അഹമ്മദാബാദിലെ ഫിസിക്കൽ റിസർച്ച് ലബോറട്ടറിയിൽ ശാസ്ത്രജ്ഞനായി ജോലി ചെയ്യുവരുന്നു. സിംഗപ്പൂർ ഓണോപഹാരത്തിൽ രണ്ട് കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.



# Tanglin Times

*— A short story by Hari Kumar*

It has been six years since I moved to Singapore. Four years in this tiny three room apartment at Tanglin and I still don't know my neighbors. I don't entirely blame them, since it is not my nature to socialize. On weekends when I am at home, I keep my door and windows closed. Even the large kitchen windows overlooking the block behind mine are covered with a thick opaque film. This is because I don't wear any clothes within my private space—the naked King of my Kingdom. All I do is watch an endless collection of pornographic tapes and masturbate to them. I don't smile at the people I pass in the common corridor or the ones I get enclosed with in the lift; I don't even look at them. My telephone is a big paperweight that is there only for the benefit of telemarketers. And the only people who send me mail are the telecom company and public utility board. I wouldn't say I am unhappy with this. This gives a firm shape and weight to my days. A predictability and regularity that is comforting.

When I am not at home I am at my office. At work too, I am aloof. I like this country where people don't bother about your personal details. They don't ask, you don't tell. It's a good system. I deliver, I do my work on time, I keep my boss happy. He doesn't care if I am a transvestite hooker by night or has a part time job as a contract killer. I am paid well enough to meet my bills and even maintain a battered car. Why should I be unhappy?

Today, as usual, I walk to the nearby coffee shop for my breakfast. The hawkers in the coffee shop know me well. I guess in their books I belong to the 7:30 group along with the ancient grandmother, the Tiger man and the disabled couple.

The grandmother who collects paper cartons for a living has one Kaya toast and coffee every day. Every morning, she will be at her favorite spot facing the TV, watching Chinese dramas from a video-tape the generous coffee shop owner hires especially for her. She will have one gnarled hand around the coffee cup, while occasionally her toothless mouth would break into a slow gummy smile. Her skin is dotted with age, wrinkled and hangs loose from her bones. She is bent and bird like and is so frail that on the days I have a runny nose, I am afraid to sit close to her lest my sneeze might somehow blow her away.

The Tiger man too has his favorite seat close to the drink stall. A dark mustachioed man with the physique that suggested that he was once a wrestler or a boxer, he sits with his bottle of Tiger beer staring vacantly with his bloodshot eyes. He is always in a singlet and shorts, his arms covered with tattoos — some lettering in Tamil and Chinese, a Murugan with His Vel, and the face of a man with dark glasses and a funny cap that resembled a fez. He is never seen without his two chunky gold bracelets; one on each wrist, the thick gold chain that hangs heavy from his neck and of course the fat gold rings that adorn all his fingers except the thumbs. From the signature clinks his rings make with the beer bottle, I know exactly when he grabs the bottle to refill his mug. He is not a man I would feel easy with on a lonely back alley.

The disabled couple had the typical features of Down syndrome. I guess they were in their late fifties. The woman would be wheeled in by the man; a full urine bag hanging like the udders of a cow from behind the wheel chair. The man is talkative and has an air of infectious bonhomie about him. He would always exchange at least a few words of a raw Hokkien with everyone including me. I would just nod and give him a faint smile in return.

The coffee shop owner was a pleasant man. A very rotund man, who seldom wore any shirt and displayed his round and polished belly proudly, he worked the drink stall delivering hot coffees, Kopi-o's, Milos, beers etc with an easy efficiency that made one feel that he did this more out of fun than as a livelihood.

Today, strangely enough, none of these people are there. It is the owner's young son, who brings me my coffee. I finish my Mee Siam and coffee silently and when the boy comes to pick up the money on my table, I casually ask him,

"Your father, where?"

"He go funeral wake," he says pocketing the money.

"Who die?" I ask him.

"You donno, ah? The old woman die orready. She die yesterday morning. All go funeral wake. Block 302."

Block 302 was on my way to the car park. I look at my watch and see that I still had time. Maybe I can spare ten minutes.

In the void deck of block 302 there are a few round tables and two wreaths. The coffin is closed. Behind the coffin, there is a small black and white picture of the woman on a pedestal decorated with yellow satin. A few people wearing white tops and black trousers are sitting at the table eating peanuts from wide paper trays. As I approach I recognize the coffee shop owner looking neat and different in a respectable white shirt. The Tiger man and the retarded couple were also there besides a few others I did not know. The Tiger man, too was dressed decently in a proper shirt and trousers. On seeing me, he rushed forward and hugged me. "She is gone...our granny is gone," he was sobbing. This unexpected display did not move me, it only made me a trifle uncomfortable. The coffee shop owner came by our side and patted the Tiger man, and said in a soothing tone,

"Aiyah, Muthu, why you so like that? You never talk granny, but now you so cry cry...Leave him, lah. You spoil his office shirt."

But I note that the coffee shop owner's eyes are also red. The Tiger man let me go. I give his shoulder a comforting squeeze.

"Lucky woman," the coffee shop owner says, "She walk like that like that. Pick up kahbode. And she drop down die. Five minutes. Muthu see she fall down near wet market. He big hero, no. Pick up granny, call ambulance. But she die orready. Good man, this Muthu, he pay two hundred dollars for funeral."

"Ah Lek, you also pay, whaat," the Tiger man says lightly slapping the coffee shop owner's arm, "You pay three hundred, whaat."

"Doesn't she have any relatives?" I ask.

"She no have... No brudder no sister. Nobody, leh... She live alone," the coffee shop owner says.

I contribute fifty dollars and receive a red thread to tie on my wrist. As I prepare to leave, the retarded man waves at me and says something in Hokkien. I wave back and walk towards the car park. In a way the old woman is indeed lucky, I think. Lucky that she died outdoors. I guess if she had died in her flat she would have rotted for three days and become maggot food, before being discovered by the neighbors because of the stench.

As I start the car, I see myself in the mirror. For the first time, I notice a streak of grey hair.

---

*Hari Kumar is a Senior Engineer who works for a statutory board in Singapore. Having written three novels, more than a hundred poems and several short stories, you can call him a writer with passion. His short stories/poetry have been published by Penguin Books, Monsoon Books besides several online literary journals. Much of his work is showcased in his own website http://www.harismind.com/. He is also active in the literary scene of Singapore, being a key member of the Writers Connect, a frequent performer at the Poetry Slam and featured twice at the subText readings. Besides writing, he is also interested in creating websites, software development and community work (he is the Assistant Secretary of his Residents Committee).*

# സൂപ്പർ ഫാസ്റ്റ് പ്രണയങ്ങൾ

## വർക്കല ശ്രീ കുമാർ

തിരുവനന്തപുരത്തു നിന്നു എറണാകുളത്തേയ്ക്ക് പോകുന്ന സൂപ്പർ ഫാസ്റ്റിലെ കണ്ടക്ടർ പറഞ്ഞ കഥയാണിത്. രാത്രി ഒൻപതര മണിക്ക് ബസ് തമ്പാനൂർ സ്റ്റാന്റ് വിട്ടു. വണ്ടി സ്റ്റേഷനിൽ പിടിച്ചപ്പോൾ തന്നെ കണ്ടക്ടറുടെ തൊട്ടടുത്ത ഇരിപ്പിടം ഉറപ്പാക്കി. സ്ഥലമെത്തുമ്പോൾ ഇറങ്ങിപ്പോകാനുള്ള എളുപ്പത്തിനു വേണ്ടിയാണ് മുൻ നിരയിൽത്തന്നെ ഇരുന്നത്.

കേശവദാസപുരത്തുനിന്ന് ഒരു യാത്രക്കാരൻ കയറി. കണിയാപുരത്തിറങ്ങാനാണ്. കണ്ടക്ടർ കേട്ടത് കരുനാഗപ്പള്ളി. രണ്ടു മൂന്നു തവണ സ്ഥലപ്പേര് ആവർത്തിച്ച് ചോദിക്കുന്നതു കേട്ടു. പറഞ്ഞത് കണിയാപുരമാണെന്നാണെങ്കിലും ലേശം കൊഞ്ഞയുള്ള നാവിൽ നിന്നും ഉതിർന്നത് കരുനാഗപ്പള്ളി. നമ്പരിൽ വിരലമർത്തി ടിക്കറ്റ് മുറിക്കുന്ന ഏർപ്പാടായത് കൊണ്ട് സംഗതി കുഴഞ്ഞു. ഇരുപത് രൂപയ്ക്ക് പകരം 56 രൂപയുടെ ടിക്കറ്റ്. മുപ്പത്താറു രൂപ കണ്ടക്ടർക്ക് നഷ്ടം. ആറ്റിങ്ങലിൽ എത്തുന്നതിനു മുൻപാണെങ്കിലും കരുനാഗപ്പള്ളിയിലേക്കോ അതിനപ്പുറത്തേക്കോ കയറിയാൽ പ്രശ്നം ഒതുങ്ങും. ഇല്ലെങ്കിൽ ഗോപി. അതിന്റെ പേരിലുള്ള സംഭാഷണമദ്ധ്യേ, ഞാനും കണ്ടക്ടറും പരസ്പരം പരിചയപ്പെടുന്നു. താൽക്കാലിക സുഹൃത്തുക്കളുമാകുന്നു.

കുടുംബ കഥകളും വീട്ടു വിശേഷങ്ങളും തിരക്കുന്നു. മക്കളുടെ വയസ്സും വിദ്യാഭ്യാസ മഹിമയും അന്വേഷിക്കുന്നു. കണ്ടക്ടർ ജോലിയിലെ കുറഞ്ഞ വേതനത്തെക്കുറിച്ചും കഷ്ടപ്പാടുകളെ സംബന്ധിച്ചും അയാൾ ടിക്കറ്റ് കൊടുത്തുകൊണ്ടിരിക്കുന്നതിനുള്ളിൽ കാര്യമായിത്തന്നെ വിവരിച്ചു കൊണ്ടിരുന്നു.

സുമനൻ എന്നാണയാളുടെ പേര്. M. Sc ഫസ്റ്റ് ക്ലാസ്. ആലപ്പുഴ ജില്ലയിലെ പാണാവള്ളിയാണ് സ്വദേശം. സൂപ്പർ താരം എറണാകുളത്തെത്തുമ്പോൾ രാത്രി ഒരു മണി കഴിയും. ഡിപ്പോയിൽ കളക്ഷനടച്ച് ഡ്യൂട്ടി തീർന്നിറങ്ങുന്നത് രണ്ട് മണിക്ക്. അടുത്ത സൂപ്പറോ ഫാസ്റ്റോ കിട്ടി വീടെത്തുമ്പോൾ നാലു മണിയാകും. ഉറങ്ങിയും ഉറങ്ങാതെയും കാത്തിരിക്കുന്ന ഭാര്യ. കൂർക്കം വലിച്ചുറങ്ങുന്ന മക്കൾ. ഭാര്യ എസ് ബി ടി യിൽ കാഷ്യറാണ്. കഷ്ടപ്പടിന്റെ കദനകഥകൾക്കിടയിലും സെക്സ് കയറ്റിയുള്ള അയാളുടെ സംസാര രീതിയും നർമ്മ ബോധവും എനിക്കിഷ്ടപ്പെട്ടു.

"കൊച്ചു വെളുപ്പാൻ കാലത്തു കതകു തുറന്നു തന്നിട്ടു പോയി ഒന്നു കൂടി ഉറങ്ങാൻ നോക്കുന്ന ഭാര്യയുടെ മുഖം കാണുമ്പോൾ പിന്നൊന്നും തോന്നത്തില്ല സാറെ. അവൾക്കും രാവിലെ ഡ്യൂട്ടിക്ക് പോകാനുള്ളതല്ലേ?."

ഞാനതു കേട്ടു ചിരിച്ചില്ല. ചിരിക്കണമെന്നുണ്ടായിരുന്നു.

പെട്ടന്നയാൾ വിഷയം മാറ്റിയത് അതുകൊണ്ടായിരിക്കണം. സംഭാഷണ മദ്ധ്യേ എന്റെ പ്രവർത്തന മേഖല മനസ്സിലാക്കിയിട്ട് അയാൾ പറയാൻ തുടങ്ങി.

"സാറായിരുന്നു എന്റെ സ്ഥാനത്തെങ്കിലോ അഞ്ചാറു നോവലെഴുതിയേനെ. എത്രെയെത്ര കഥാ പാത്രങ്ങളെയാണ് ദിവസോം കാണുന്നത്."

എനിക്കുത്സാഹം തോന്നി. ഇടയ്ക്കെങ്ങും വലുതായി സ്റ്റോപ്പില്ലാത്തതിനാൽ അയാളും ഫ്രീയാണ്.

"സാറിനു കേൾക്കണോ?"

സുമനൻ ഒരു കഥ പറയാൻ തുടങ്ങി.

കോഴിക്കോട്ടു നിന്നും ആലപ്പുഴയ്ക്ക് പോകുന്ന സൂപ്പർ ഫാസ്റ്റ്. മൂന്ന് പേർക്കിരിക്കാവുന്ന സീറ്റിൽ ഭാര്യയും ഭർത്താവും മറ്റൊരു ചെറുപ്പക്കാരനും. സ്ത്രീയ്ക്ക് ഏകദേശം മുപ്പതു വയസ്സ് പ്രായം കാണും. കാണാൻ തെറ്റില്ലാത്ത മുഖം. നല്ല എരപ്പൻ ശരീരം. പകലാണ്. തൃശ്ശൂരെത്തിയപ്പോൾ ഭർത്താവും അടുത്തിരുന്നയാളും പുറത്തിറങ്ങി. വണ്ടി വിട്ടിട്ടും അവർ മടങ്ങി വന്നില്ല. സ്ത്രീയും പുരുഷനും ഒരേ സ്ഥലത്തേയ്ക്കാണ് ടിക്കറ്റെടുത്തിരുന്നത്. അത് വ്യക്തമായിട്ടറിയാം. അപ്പോഴാണ് അയാൾ ഭർത്താവല്ല എന്നെനിക്ക് മനസ്സിലായത്. പിന്നിലിരുന്ന കോഴിക്കോട്ടുനിന്നു കേറിയ ഒരു യുവാവ് പെട്ടെന്ന് സീറ്റ് വിട്ടെഴുന്നേറ്റ് സ്ത്രീയുടെ അടുത്ത് വന്നിരുന്നു. അവർ തമ്മിൽ ഒരു പരിചയവുമില്ലെങ്കിലും പെട്ടെന്ന് ലോഹ്യത്തിലായി. യുവാവിനിറങ്ങേണ്ടത് എറണാകുളത്താണ്. യുവതിക്ക് അങ്കമാലിയിലും. അങ്കമാലിയെത്തിയപ്പോൾ ഇരുവരും ഒരുമിച്ചിറങ്ങി പോയി. കണ്ടക്ടർ ഒരു സെക്കന്റ് നേരം എന്റെ നേരെ ഉറ്റു നോക്കിയ ശേഷം ഉരുവിട്ടു.

“കാഴ്ച്ചയിൽ അവളെക്ക്കണ്ടാൽ നല്ല വീട്ടിലേയാണെന്ന് തോന്നും. എനിക്കതല്ല സാറെ ഇപ്പോഴും പിടി കിട്ടാത്ത ഒരു രഹസ്യം. അങ്കമാലിക്കു ടിക്കറ്റെടുത്തിരുന്ന മറ്റേയാളെന്തിനു യുവതിയെ വിട്ടിട്ടു തൃശ്ശൂരിറങ്ങി?”

ഞാനും അതിനെക്കുറിച്ച് ആലോചിച്ച് നോക്കി.

“അയാൾക്കടുത്തു പരിചയമുള്ള ആരെങ്കിലും ബസ്സിൽ കയറുകയോ മറ്റോ ഉണ്ടായോ?“

”ആ..“

കണ്ടക്ടർ കൈ മലർത്തിയിട്ട് മറ്റൊരു കഥയ്ക്ക് തുടക്കമിട്ടു. തിരുവനന്തപുരം സൂപ്പർ ഫാസ്റ്റാണ് ശകടം. തോപ്പും പടിയിൽ നിന്നൊരു പെണ്ണു കയറി. പെണ്ണെന്നു പറഞ്ഞാൽ അടിപ്പൊളിയൊരെണ്ണം. പതിനെട്ടിനപ്പുറം പോകത്തില്ല. സ്റ്റാൻഡേർഡ് വേഷം. ചെത്ത് മേക്കപ്പ്. അവൾക്കിറങ്ങേണ്ടതു ഹരിപ്പാടാണ്. രാത്രി എട്ടുമണിയായിക്കാണും. തോപ്പും പടിയിൽ നിന്നും അവൾ മൊബയിൽ ഫോണിൽ സംസാരിക്കൻ തുടങ്ങിയതാണ്. ലൈനിൽ പല പല ആൾക്കാർ മാറി വരുന്നുണ്ടെങ്കിലും ഒറ്റ നമ്പരിലേക്കേ അവൾ വിളിച്ചിട്ടുള്ളൂ എന്ന കാര്യം ഞാൻ ശ്രദ്ധിച്ചു. ഹരിപ്പാട്ടെത്തിയപ്പോഴാണ് അവൾ സംസാരം നിർത്തിയത്.

”ഞാനന്തം വിട്ടു പോയി സാറെ. എത്ര രൂപ അവൾക്ക് ബില്ലായിക്കാണുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ചില പെൺപിള്ളേരുണ്ട്. ഉറക്കത്തിൽ പോലും ആ കുന്ത്രാണ്ടം ചെവീന്ന് മാറ്റത്തില്ല.“

അവൾ ഹരിപ്പടിറങ്ങി. ഇറങ്ങുന്നതിനു മുൻപു തന്നെ പുറത്ത് കാത്തു നിന്ന അവളുടെ ആൾക്കാരെ നോക്കി ”ഹായ്“ കൊടുത്തു. ഒറ്റക്കമ്മലിട്ട മൂന്ന് യുവാക്കൾ. വേഷങ്ങൾ പറയണ്ട. രണ്ടു ബൈക്കുകളിലായിട്ടാണ്. പിൻസീറ്റൊഴിഞ്ഞ വണ്ടിയിൽ അവൾ കയറാത്ത താമസം അത് അമ്പലപ്പുഴ ഭാഗത്തേക്ക് ഓടിച്ചു പോയി.

”ഞാനപ്പോൾ ഓർത്ത് പോയത് കോളേജിൽ പഠിക്കുന്ന എന്റെ മകളെക്കുറിച്ചാണ്, സാറെ. ലക്ഷണ പ്രകാരം ഇവളും ഏതോ കോളേജിൽ പഠിക്കുകയാണെന്ന് എനിക്ക് തോന്നി.“

ബസ്സ് ആറ്റിങ്ങലെത്തി. ഇടയ്ക്ക് നിന്നാരും കയറിയില്ല. സമയം പത്തേകാൽ. സ്റ്റാന്റിൽ വളരെക്കുറച്ച് യാത്രക്കാർ മാത്രം. ചെറുതായി മഴ പെയ്യുന്നുണ്ട്. സ്ത്രീകളാരുമില്ല പുറത്ത്. ഒരു മദ്ധ്യ വയസ്കൻ കയറി. ഡബിൾ ബെൽ കൊടുക്കാൻ തുടങ്ങിയപ്പോൾ എവിടെ നിന്നോ ഒരു പെൺകുട്ടി ഓടിക്കിതച്ചു വന്നു. ലഗേജൊന്നുമില്ല. സൽവാർക്കമ്മീസിട്ട ഒരു ഇരുപത്തിമൂന്നു കാരി. അല്ലെങ്കിൽ ഇരുപത്തിനാല്. എന്തായാലും ഇരുപത്തിയഞ്ചിനപ്പുറം പോകില്ല. ഇറങ്ങേണ്ട സ്ഥലം ടിക്കറ്റെടുത്തപ്പോൾ മനസ്സിലായി. പാരിപ്പള്ളി. എനിക്കും അവിടെയാണിറങ്ങേണ്ടത്.

ഞങ്ങളിരിക്കുന്ന സീറ്റിന്റെ പാരലൽ സീറ്റ്. സ്ത്രീകളുടേതാണ്. രണ്ടു പുരുഷന്മാർ അരികത്തിരുന്ന് ഉറക്കം തൂങ്ങുന്നുണ്ട്. കണ്ടക്റ്റർ അവരെ തട്ടിയുണർത്തി. പുരുഷന്മാരുടെ സീറ്റിലേയ്ക്ക് പറഞ്ഞയച്ചിട്ട് പെൺകുട്ടിയെ അതിലിരുത്തി. പെൺകുട്ടി കാണാൻ അത്ര സുന്ദരിയൊന്നുമല്ല. എന്നാലും ചെറുപ്പക്കാരെ ആവാഹിക്കാൻ പോന്ന ഒരാകർഷണ ശക്തിയുണ്ട്. അവളുടെ കൈയിലിരുന്ന ചെറിയ വാനിറ്റി ബാഗിൽ കിളി കരയുന്ന ശബ്ദം. മൊബയിൽ ഫോൺ പുറത്തെടുത്ത് അവൾ കോൾ റിസീവ് ചെയ്തു. സംസാരിക്കാൻ തുടങ്ങി. കളിയും ചിരിയും കൊഞ്ചലും കിസ് പ്രോഗ്രാമും കൊണ്ടൊരാറാട്ടു തന്നെയായിരുന്നു - ഇറങ്ങുന്നതു വരെ. ഞങ്ങളോ മറ്റു യാത്രക്കാരോ ശ്രദ്ധിക്കുന്നുണ്ടെന്ന വിചാരമേ അവൾക്കില്ല. പരിസരം പോലും മറന്നാണവളുടെ പ്രവർത്തി. നാണമെന്ന രണ്ടക്ഷരം അവളുടെ ഏഴയലത്തു കൂടി പോയിട്ടില്ല. മൊബയിൽ ഫോൺ ഓഫാക്കാതെ സംസാരിച്ചുകൊണ്ടു തന്നെ അവൾ ബസ്സിൽ നിന്നിറങ്ങി. പാരിപ്പള്ളിയിൽ എത്തിയവിവരം ഞാനും അപ്പോഴാണറിഞ്ഞത്. കണ്ടക്റ്റർ എന്റെ ചെവിയിൽ പറഞ്ഞു.

“കേസു കെട്ടാ. സാറു നോക്കിക്കോ. ഇവളെ പിക്ക് ചെയ്യാൻ ഏതെങ്കിലും ഏമ്പോക്കി കാത്തുനിൽക്കുന്നുണ്ടാകും.”

എനിക്ക് വിശ്വസിക്കാൻ തോന്നിയില്ല. ജോലിസ്ഥലത്ത് നിന്നും ലേറ്റായതു കാരണമാകാം. പിന്നെ കുഴഞ്ഞാടിയത് അവളുടെ ബോയ് ഫ്രണ്ടിനോടുമാകാം. വകുപ്പാണെന്നു പറയാൻ പറ്റിയ പ്രകൃതമൊന്നും അവളിൽ കണ്ടില്ല.

എത്രയായിട്ടും ഭാർഗ്ഗവിക്കുട്ടി മനസ്സിൽ നിന്നു പോയില്ല. ഒഴുകുന്ന നെയിലക്സ് സാരിയും, പൊട്ടും, ഊഞ്ഞാലും. മനസ്സിൽ വളർന്നു വലുതാവുകായായിരുന്നു. ആ സൗന്ദര്യം പേരിനുപോലും തിളക്കം നൽകി. അതു വരെ ഭാർഗ്ഗവി എന്ന പേര് പഴഞ്ചനായിട്ടാണ് തോന്നിയിരുന്നത്. അന്നു മുതൽ ആ പേരിന് ഭംഗി കൈവന്നു. ഭാർഗ്ഗവിക്കുട്ടി, നല്ല പേര്. കൈതപ്പൂവിന്റെ സുഗന്ധം, മുല്ലപ്പൂവിന്റെ നൈർമല്യം, ഒരു വള്ളിയായി പടർന്നുകേറുകയായിരുന്നു. പാടില്ല, ഇതൊന്നും ഏഴാം ക്ലാസ്സിൽ പഠിയ്ക്കുന്ന എന്റെ മനസ്സിലേയ്ക്കു കേറാൻ പാടില്ല. പ്രണയവും അതിന്റെ ജാള്യതയും തമ്മിലടി. വികാരങ്ങൾക്കു ചുമ്മാ അങ്ങ് കളിച്ചാ മതി, മനസ്സിന്റെ തട്ടിലെ ഭാരം അവയ്ക്കറിയില്ലല്ലോ. സൗന്ദര്യം നിറഞ്ഞു കവിയുകയല്ല, തളം കെട്ടിക്കിടക്കുന്നു, ആ പേരിൽ. അഞ്ചാംക്ലാസിൽ പഠിച്ച ഒരു കവിതയിൽ ആ പേരുണ്ടായിരുന്നു. ഓണത്തിരക്കിനെപ്പറ്റിയുള്ള ആ കവിതയിൽ "ഭാർഗ്ഗവി കൂവി ഉച്ചത്തിൽ, കൂമ്പു നാക്കില വെയ്ക്കുവിൻ വേഗം". അതുകേട്ടപ്പോൾ, ഒരു വയസ്സിയുടെ, കെളവിയുടെ പല്ലില്ലാത്ത മുഖവും, ചുണ്ടുകവിഞ്ഞൊഴുകുന്ന മുറുക്കാനും ആണോർമ്മ വന്നത്. ഇപ്പോൾ മനസ്സിലെത്തുന്നത്, ഒരു കിളുന്ന് പെൺകുട്ടി, ഓടിയോടി നടന്നു ചോറും കറിയും വിളമ്പുന്ന രംഗം. ആങ്ങ്ഹാ. എത്രപെട്ടെന്നാണ് ഭാവനയിൽ ചിത്രം മാറിപ്പോയത്.

അതിനു ശേഷം ഭാർഗ്ഗവിയെ മനസ്സിൽ ഓർക്കാത്ത സമയമില്ലായിരുന്നു. വെറുതെയിരിയ്ക്കുമ്പോളും, യാത്ര ചെയ്യുമ്പോളും അവളെ ഓർമ്മ വരും. ഏഴാം ക്ലാസിൽ വെച്ചു കണ്ട സിനിമയിലെ നായികയുടെ ഓർമ്മ എനിയ്ക്കൊപ്പം വളർന്നു. പക്ഷെ ഞാൻ വളരുകയായിരുന്നെങ്കിലും അന്നത്തെ? ഭാർഗ്ഗവിക്കുട്ടി യൗവനത്തിൽ തന്നെ ആയിരുന്നു. ഞാൻ അവളെ വളരാൻ അനുവദിച്ചില്ല, കുറഞ്ഞപക്ഷം ഞാൻ ഒരു യുവാവാവുന്നതു വരെ.

ഭാർഗ്ഗവിക്കുട്ടി വളർന്നില്ലെങ്കിലും എന്റെ വളർച്ചയ്ക്കൊപ്പം ഒരു ദുഃഖം വളർന്നു; ജീവിതത്തിൽ ഒരു ഭാർഗ്ഗവിക്കുട്ടിയെപ്പോലും കാണാൻ കഴിയുന്നില്ലല്ലോ എന്നായിരുന്നു. എല്ലാവരും പരിഷ്ക്കാരപ്പേരുകാർ മാത്രം. ഏതു വിശേഷങ്ങൾക്കെവിടെ ഒത്തുചേർന്നാലും ഞാൻ കാതോർക്കുമായിരുന്നു, ഒരു ഭാർഗ്ഗവിയെ കിട്ടുമോ എന്ന്. തേടിത്തേടി ഞാൻ പത്താംക്ലാസ് പാസ്സായി. കോളേജിൽ ചേരുന്ന പ്രശ്നം വന്നു. നാട്ടിലെ കോളെജിൽ ചേരാൻ വീട്ടുകാർ നിർബന്ധിച്ചപ്പോൾ തള്ളിക്കളഞ്ഞു, കാരണമായി ബോധിപ്പിച്ചതു ദൂരമായിരുന്നു. അങ്ങനെ ഞാൻ തൃശ്ശൂരെത്തി. അവിടത്തെ പ്രസിദ്ധമായ കേരള വർമ്മ കോളേജിൽ തന്നെ ചേർന്നു. താമസം ഒരു ബന്ധുവിന്റെ കൂടെ.

കോളേജിലെ സ്വാഗത ഹാളിൽ 17-ാം നമ്പർ റൂമിൽ ആദ്യത്തെ ദിവസം നിറഞ്ഞു നിന്നിരുന്ന കൂട്ടത്തിലും ഞാൻ തെരെക്കിയത് ഒരു ഭാർഗവിയെക്കിട്ടുമോ എന്നായിരുന്നു. ഏതു സുന്ദരിയെ കണ്ടാലും ആ കുട്ടിയുടെ പേർ ഭാർഗ്ഗവിയെന്നായിരിയ്ക്കണെ എന്നു വിചാരിയ്ക്കും. ഒളിഞ്ഞു നിന്ന് പേര് കാതോർക്കും. പക്ഷെ ദുഃഖ പര്യവസായി ആയിരുന്നു എല്ലാം. പരിഷ്ക്കാരപ്പേരുകൾ രണ്ടക്ഷരങ്ങളിൽ. പേരിനെപ്പറ്റി ഒരു ബോധവുമില്ലാത്തവരാണ് എല്ലാ മാതാപിതാക്കളും എന്നും തോന്നാറുണ്ടായിരുന്നു.

പത്തു മൂവായിരം കുട്ടികളുള്ള ഈ കോളേജിലും, അടുത്തുള്ള വിമൺസ് കോലേജിലുമൊന്നും അങ്ങനെ ഒരു പേരുകാരിയെ കണ്ടതേയില്ല. വളരെ അടുത്ത, ചതിയ്ക്കില്ലെന്ന് തികച്ചും വിശ്വസിയ്ക്കുന്ന കൂട്ടുകാരെയും ചട്ടം കെട്ടി. എല്ലാം വിഫലം. വടക്കുന്നാഥ ക്ഷേത്രത്തിൽ മൂന്നടിയ്ക്കുന്നതു

മുതൽ, സുബ്ബലക്ഷ്മിയുടെ സുപ്രഭാതം മുതൽ, പത്തൻസ് കേഫിൽ സാംബാറിന്റെ മണം പുറത്തുവരുന്നതു മുതൽ ഭാർഗ്ഗവി ഒപ്പം വരും. സിനിമയിലെ പ്രേതമായിട്ടല്ല, ഒരു നല്ല കൂട്ടുകാരിയായിട്ട്. അലട്ടില്ലൊരിയ്ക്കലും ആ പാവം എന്നെ. ഗിരിജാ തീയേറ്ററിൽ നിന്ന് ഇംഗ്ലീഷ് സിനിമ കഴിഞ്ഞ് പടിഞ്ഞാറേ നടക്കാവിലെ നമ്പ്യാരുടെ കടയിലെ സിഗരറ്റും വലിച്ച് മുറിയിൽ തിരിച്ചെത്തി ഉറങ്ങും വരെ എന്നെ അകമ്പടിസേവിയ്ക്കും ഭാർഗ്ഗവിക്കുട്ടി.

അങ്ങനെ ഇരിയ്ക്കുമ്പോൾ ഒരു ദിവസം തൊട്ടടുത്ത ഒഴിഞ്ഞുകിടക്കുന്ന വീട്ടിൽ താമസിയ്ക്കാൻ ആളു വന്നു. അവസരങ്ങളും കാത്തുകഴിഞ്ഞിരുന്ന എനിയ്ക്കിതാ മറ്റൊരനർഘനിമിഷം കൂടി. മൂന്നു പെൺകുട്ടികളും അച്ഛനും അമ്മയും. സന്തോഷമായി. ഇതിൽ ഒരെണ്ണം ഭാർഗ്ഗവിയാവാം. കാതോർത്ത് കാതോർത്ത് മൂന്നു നാലു ദിവസം കഴിഞ്ഞു. ഒരുപ്രദോഷസന്ധ്യയിൽ, പകലൂണും കഴിഞ്ഞു നടക്കല്ലിന്മേൽ ഇരിയ്ക്കുമ്പോളാണ് അതു സംഭവിച്ചതു. "മോളെ, ഭാർഗ്ഗവി". ഞെട്ടിത്തിരിച്ചിരുന്നു. വിശ്വസിയ്ക്കാൻ കഴിയുന്നില്ല. അയൽപക്കത്തെ വീട്ടിൽ, ഭാർഗ്ഗവിക്കുട്ടി. നേരെ നോക്കാനുള്ള പേടികൊണ്ട് ഒാട്ടക്കണ്ണിട്ടു നോക്കി. ഇല്ല തെറ്റിയിട്ടില്ല. പത്താംക്ലാസിന്റെ പ്രായം തോന്നുന്ന ഒരു പെൺകുട്ടി. കറുപ്പിനോടാണ് അടുപ്പം, നീണ്ടു കൊലുന്നനെ. പാവാടയും ബ്ലൗസുമാണ് വേഷം. ഞാനകത്തുകേറി ജനൽ വാതിൽ 95 ശതമാനം അടച്ച് അവശേഷിച്ച വിടവിലൂടെ നോക്കി കണ്ടു. ഒരന്വേഷണത്തിന്റെ അവസാനം അമ്മ വീണ്ടും വിളിയ്ക്കുന്നു, "ഭാർഗ്ഗവീ". അന്നു രാത്രി മുഴുവൻ ഉറക്കം വന്നില്ല. എങ്ങനെ ഉറങ്ങും? നിങ്ങളാണെങ്കിലോ, എന്നേക്കാളും കഷ്ടമായിരിയ്ക്കും. വീണ്ടും ഞാൻ "ഭർഗ്ഗവിനിലയത്തിലെത്തി". പൊട്ടിയാലും ഇല്ലെങ്കിലും പട്ടുനൂലൂഞ്ഞാലുണ്ടാക്കാനുള്ള ശ്രമം തുടങ്ങി.

പിറ്റേന്ന് രാവിലെ ഉറക്കച്ചടവുണ്ടായിരു ന്നെങ്കിലും പതിവില്ലാത്ത ഉന്മേഷം. എന്തൊക്കെയോ മനസ്സിൽ. ഭാർഗ്ഗവിക്കുട്ടി സ്കൂളിലേയ്ക്കുള്ള യാത്രയ്ക്കു തയ്യാറുവകയാണ്. വേഷം കണ്ടപ്പോൾ സ്കൂൾ മനസ്സിലായി. മോഡൽ ഗേൾസ് ഹൈസ്കൂൾ. ഞാനും വേഗം ചാടിയിറങ്ങി. ആ കുട്ടി കുറുപ്പം റോഡിലൂടെ റൗണ്ടിനെ ലാക്കാക്കി നടക്കുന്നു, ഞാനും പിന്നാലെ, ഒരു കൃത്യ ദൂരത്തിന്റെ അളവിൽ. കുറച്ചു നടന്നപ്പോൾ വേങ്കൂന്റെ വിളി, "ഇന്നെന്തെടാ നേർത്തെ?, നീ നിൽക്ക്, ഞാൻ ദാ വര്ണൂ." അവനു വേണ്ടി കാത്ത സമയം കൊണ്ട് അവൾ കുറെ ദൂരം എത്തിക്കഴിഞ്ഞിരുന്നു. മുരടിച്ച നഷ്ടബോധത്തോടെ, നേരെ കോളെജിലേയ്ക്ക് വെച്ചടിച്ചു. കാനാട്ടുകരയെത്തിയപ്പോഴേയ്ക്കും തിരക്കുകൂടി. ക്ലാസ്സിൽ നേരത്തെ ഏത്തി. പീ കെ ടി രാജ സാറിന്റെ ഹിസ്റ്ററിക്ലാസ്സാണാദ്യം. പിറകിൽത്തെ ബെഞ്ചിൽ സ്ഥാനം പിടിച്ചു. ചുരുളൻ മുടിയൻ വിജയൻ ചോദിച്ചു, എന്താടോ ഒരു നിർദ്ദയത്വം. വിക്രമൻ ക്ലാസ്സിലെത്തിയ ഉടനെ തിരിഞ്ഞു നോക്കി ചോദിച്ചു "എന്തെടാ നീ ഇന്ന് മാളത്തിൽ വരാഞ്ഞെ??" മൂന്ന് പീരിയഡുകളും തീർന്നു. ശാസ്താ കഫെയിലെ മസാലയ്ക്കന്നാദ്യമായി രുചിയുണ്ടായില്ല. അയ്യപ്പേട്ടൻ ചോദിച്ചു, "എന്തേ?" എന്തു മറുപടി പറയാൻ!

രാവിലത്തെ നിരാശ കാരണം അന്നു നേരത്തെ താമസസ്ഥലത്തെത്തി. നടക്കല്ലിൽ തന്നെയിരുന്നു. എക്കണൊമിക്സിന്റെ ബുക്കും കയ്യിൽ പിടിച്ച് ഡിമാൻഡിന്റെയും സപ്ലൈയുടെയും വളവുകൾ കണ്ടപ്പോൾ ആശ്ചര്യം തോന്നി. ഇവരണ്ടും എനിയ്ക്കും ബാധകം. ഭാർഗ്ഗവിമാരുടെ സപ്ലൈ ഇത്ര കുറവൊ? ഡിമാൻഡില്ലേ? കുറച്ചു കഴിഞ്ഞപ്പോൾ ദാ വരുന്നു, "ഭാർഗ്ഗവിക്കുട്ടി". മറൂൺ പാവാടയും നീളമുള്ള ബ്ലൗസും ധരിച്ച്, സ്കൂൾ ബാഗും കയ്യിൽ തൂക്കി. സന്തോഷമായി, മോഡൽ സ്കൂളിൽത്തന്നെ. അപ്പോ ഇനി ബസ്സിറങ്ങേണ്ട സ്ഥലം രാമവർമ്മ തീയേറ്ററിന്റടുത്ത്. അവിടെയാണല്ലോ മോഡൽ സ്കൂൾ. പിന്നാലെ നടക്കാം, ധാരാളം കുട്ടികൾ കൂട്ടം കൂട്ടമായി പോവുന്നതു കൊണ്ട് പെട്ടെന്നാർക്കും തോന്നില്ല, ഞാൻ പിന്തുടരുകയാണെന്ന് അവൾക്കും മനസ്സിലാവില്ല. അതുവരെ ഒന്നിനും സമയപരിധിയും പരിമിതിയും എനിയ്ക്കില്ലായിരുന്നു. പെട്ടെന്ന് അടുക്കും ചിട്ടയും വന്നു. ഭാർഗ്ഗവിക്കുട്ടി എന്റെ മുന്നിൽ ഊഞ്ഞാലാടിത്തുടങ്ങി. വളയും കിലുക്കി, ചിലങ്കയും കുണുക്കി അവൾ എന്റെ മനസ്സിലൂടെ മിന്നിമറഞ്ഞുകൊണ്ടെയിരുന്നു. ഇപ്പോൾ രണ്ടു ചിത്രങ്ങൾ, ഒന്നു സിനിമയിലേയും മറ്റൊന്നു എന്റെ നേരേ മുന്നിലും, അതും ജീവനോടെ. പിന്നെ ഞാനൊരിയ്ക്കലും താമസമെന്തെ എന്നു പാടിയില്ല.

ഒരു തുടർക്കഥ പോലെ കണ്ടുമുട്ടുകളും, പിന്തുടരുലകളും, മൗനയാത്രാമൊഴികളും നടന്നുകൊണ്ടിരുന്നു. ആഗസ്റ്റുമുതൽ മാർച്ചു വരെ. ഒരു വർഷം തീരുന്നു. ഭാർഗ്ഗവിക്കുട്ടിയ്ക്ക് എസ് എസ് എൽ സി പരീക്ഷയെഴുതണം. എനിയ്ക്കു പരീക്ഷയൊന്നുമില്ലായിരുന്നു. ഫസ്റ്റ് പി ഡി സി ക്കാർക്കെന്തു പരീക്ഷ?

വാർഷികപ്പരീക്ഷകൾ, പത്താംക്ലാസ്സിലെ കുട്ടികൾ ഉറക്കമൊളിച്ചിരുന്ന് പഠിച്ചു. ഉറക്കമൊളിച്ചു ഞാനും. ഞാനെന്നും രാത്രിയിലും രാവിലേയും അവൾക്കു ആശംസകൾ മനസ്സാ പറഞ്ഞിരുന്നു. ഞങ്ങൾ പ്രീ ഡിഗ്രിക്കാർ ആഘോഷമില്ലാതെ യാത്ര പറഞ്ഞു പിരിഞ്ഞു; രണ്ടാംവർഷം ഇനിയും കാണാമല്ലോ. ഭാർഗവിയെ പിരിയുന്ന കാര്യമോർത്തപ്പോൾ വിതുമ്പിത്തുടങ്ങി ഹൃദയം. എത്ര നാളത്തെ കാത്തിരിപ്പിനു ശേഷമാണൊരു ഭാർഗ്ഗവിക്കുട്ടിയെ കിട്ടിയത്. വാടകക്കാരായതുകൊണ്ട് ഇനി എവിടെ, എന്ത്, എങ്ങനെ ഒന്നും അറിയില്ല. ഒരിയ്ക്കലും സംസാരിയ്ക്കാതെ ഞങ്ങൾ ഇത്രയും കാലം കഴിച്ചുകൂട്ടി. എന്നെ അവൾ ശ്രദ്ധ്ഹിച്ചിരുന്നോ എന്നുപോലും എനിയ്ക്കറിയില്ല. പിന്നെ എന്തടുപ്പം? ആവോ! ഞാൻ സ്നേഹിച്ചിരുന്നില്ല, പക്ഷെ ഇഷ്ടപ്പെട്ടിരുന്നു. ഒരു നിർമ്മല സ്നേഹം. അവളെന്നല്ല ആരും ശ്രദ്ധിച്ചിരുന്നു എന്ന് തോന്നുന്നില്ല. സംശയിയ്ക്കാൻ ഒരു പഴുതും കൊടുത്തിട്ടില്ലാർക്കും. എങ്കിലും പിരിയുമ്പോൾ മനസ്സ് വിങ്ങുന്നു. പ്രണയമായിരുന്നു, ഒരു ഭാവത്തിനോട്, ഒരു ലാളിത്യത്തിനോട്, ഒരു ശാലീനതയോട്.

തിരിച്ചു വരുമ്പോൾ അവളെ കണ്ടില്ലെങ്കിൽ എന്റെ ഒരു തപസ്യ വിഫലമാവില്ലേ? ഞാനെന്തു ചെയ്യും? 8-9 മാസക്കാലം നീണ്ടുനിന്ന സൗഭാഗ്യം. അമ്മ പറയാറുണ്ടായിരുന്നു, സൗഭാഗ്യങ്ങൾ അൽപ്പായുസ്സുക്കളത്രെ. ദുഃഖത്തിന്റെ തിക്തത അതിന് നീളം കൂടിയെന്ന തോന്നലുളവാക്കും. കോളേജടച്ചാൽ ഉടൻ പോകണം, അല്ലെങ്കിൽ വീട്ടിലുള്ളവർക്കെന്തു തോന്നും. അതുകൊണ്ട് ആ ഞായാറാഴ്ച തന്നെ യാത്രയായി. ഒളിഞ്ഞു മറഞ്ഞും നിന്ന് ഭാർഗ്ഗവിക്കുട്ടിയെ കാണാൻ ശ്രമിച്ചു. വെളുപ്പിനെ നാലുമണിമുതൽ തുടങ്ങി പ്രയത്നം. എല്ലാം വിഫലമായതുപോലെ. ബാഗുമെടുത്ത് ഗത്യന്തരമില്ലാതെ നടന്നു. വെളിയന്നൂറും കഴിഞ്ഞ് ട്രാൻസ്പോർട്ട് സ്റ്റാൻഡിലേയ്ക്ക് നീട്ടി വലിച്ചു നടന്നു. എറണാകുളം ബസ്സിൽ കയറി ഇരുന്നു. ഭാർഗ്ഗവിമാരുടെ ഓർമ്മയുമായി വീട്ടിലേയ്ക്ക്. സിനിമയിൽക്കണ്ട ഭാർഗ്ഗവിയും അയൽപക്കത്തെ ഭാർഗ്ഗവിയും. രണ്ടും സുന്ദരികൾ, അവർക്കൊപ്പം മനസ്സിൽ വിരിയുന്നത് ഒരായിരം സുഗന്ധ പുഷ്പങ്ങളും. ബസ്സ് ഹായ് റോഡും കഴിഞ്ഞ് തലോർ വഴി ഒല്ലൂരെത്തി. പിന്നെയും എത്രയോ സ്ഥലങ്ങൾ പിന്നിട്ടു. ചാലക്കുടി ജങ്ക്ഷനെത്തി. ധാരാളം ആൾക്കാർ ഇറങ്ങാനുണ്ടായിരുന്നു. ഇറങ്ങുന്നവർ ബസ്സിനരികിലൂടെ മുന്നോട്ട് നടന്നു. ദേ, അതാ ഭാർഗ്ഗവി. ഇറങ്ങി നടന്നു പോകുന്നു. അയ്യോ, ഞാൻ അറിഞ്ഞില്ല, വല്ലാത്തൊരു നഷ്ടബോധം. അവൾ ബസ്സ് സ്റ്റാൻഡിലുണ്ടായിരുന്നിരിയ്ക്കാം. ശ്രദ്ധിച്ചില്ല, ശ്രദ്ധിയ്ക്കാൻ തോന്നിയില്ല. കാരണം അത്രയും നിരാശയോടെയാണ് യാത്ര തിരിച്ചതു. ഒരു പക്ഷെ കണ്ടിരുന്നെങ്കിലും മനസ്സിലാക്കാൻ പറ്റുമായിരുന്നില്ല, മനസ്സ് വിങ്ങിയിരുന്നു, അതിന്റെ മൂടൽ കണ്ണിലേയ്ക്കും വ്യാപിച്ചിട്ടുണ്ടാവും. അവൾ വെറുതെ ഒന്നു തിരിഞ്ഞു നോക്കിയെങ്കിൽ എന്നു മോഹിച്ചു. അപ്പോഴേയ്ക്കും ബസ്സ് വിട്ടു. പോകും വഴി ഞാൻ വെറുതെ തിരിഞ്ഞു നോക്കി. അവൾ ചിരിച്ചു, അതോ എനിയ്ക്കു തോന്നിയതോ. എന്റെ വിശ്വാസം എന്നെ നോക്കി ചിരിച്ചതു തന്നെയെന്നാണ്. അതിനർത്ഥം അവൾ എന്നെ തിരിച്ചറിയുന്നു എന്നല്ലേ! ഇനിയും കാണുമ്പോൾ എന്നെ തിരിച്ചറിയുമോ!

അതിനു ശേഷം ചാലക്കുടി കവലയിലൂടെ എത്രയോ യാത്രകൾ നടത്തി. എല്ലാ ഭഗ്ത്തേയ്ക്കും വളരെ ദൂരെ വരെപ്പോലും ദൃഷ്ടി പായിയ്ക്കും. എല്ലാം വിഫലമായിരുന്നു. ചാലക്കുടി വളർന്നു, അവിടെ ട്രാൻസ്പോർട്ട് സ്റ്റാൻഡുണ്ടായി, ജവുളിക്കടകളും, ആഭരണക്കടകളും വന്നു. കോളേജിൽ സഹപാഠിയായിരുന്ന ഒരു കാർട്ടൂണിസ്റ്റ് ജോസുണ്ടായിരുന്നു, പൂങ്കുന്നംകാരൻ. അവനോട് അന്നു പിരിയുമ്പോൾ പറഞ്ഞു, "എന്നെങ്കിലും മറക്കപ്പെടേണ്ട ഓർമ്മകളുമായി നമുക്ക് പിരിയാം". അന്നു പിരിഞ്ഞു, പലതും മറന്നു. ബഷീറും ഭാർഗ്ഗവീനിലയവും പിന്നീട് പലപ്പോഴും ചർച്ചാ വിഷയമായെങ്കിലും അന്നു കണ്ട ആ ഭാർഗ്ഗവിക്കുട്ടി ഒരിയ്ക്കലും കേറി വന്നിട്ടില്ല. ഉദ്യോഗാർഥിയായി തെണ്ടൽ നടത്തിയിരുന്ന കാലത്ത് ബഷീറിന്റെ ഛായയുള്ള ഹനീഫയെക്കൊണ്ട് നാടകത്തിൽ അഭിനയിയ്ക്കാൻ ജുബ്ബ തയ്പ്പിയ്ക്കാൻ ചെന്നപ്പോൾ പോലും ആ ഓർമ്മകളൊന്നും വന്നില്ല. ശരിയാണ് അന്നും അവൾ എന്നെ വിഷമിപ്പിച്ചിട്ടില്ല, ഇന്നും. മറന്നു പോയ ഓർമ്മകളെ ഒരു ഞൊടിയിടയ്ക്കുള്ളിൽ തിരിച്ചു തന്ന, ശ്രീമതി ഭാർഗ്ഗവിക്കുട്ടി, ഈ നഗരത്തിന്റെ ഏതെങ്കിലും ഒരു കോണിൽ വെച്ചു ഇനിയും കണ്ടുമുട്ടുമെന്ന പ്രതീക്ഷയോടെ ഈ ഓർമ്മച്ചെപ്പ് ഇവിടെ അടയ്ക്കട്ടെ.



**Babu Ezhumavil**
A Foreign Trade Consultant, a columnist and Chief Editor of EXIM VISION and Editor of Ahmedabad Kerala Samajam News Letter settled in Ahmedabad for almost three decades.

# Mindblisters

*— Biju Sukumaran*

Of course, not doing anything was not the right thing to do. This is not what the relation between us should have become. However, the reality is that I had been in love. This is one of those moments of undressing before yourself and agonizing at your ugliness. Where you realise that all your "higher thinking" was just a layer of weak paint on granite walls of painful reality. Reality of animal lust, fear of rules and the stifling embrace of thought.

Walking into this restaurant and settling in this corner is a big relief. Here nobody who knows me more than enough. The distance is comfortably large. Or do I like it this way? Wasnt there so many occassions that I wished there was someone to talk to, anybody at all? And then this yearning to get away from everybody..Life is endless parade of contradictions down the streets of reality. You just stand and watch from your window. What can be learnt? Or is that you are not equipped enough to learn? Many times, you wish to throw away the self afflicted pain of thought and analysis, break free, and act like a fool. But that cant be done, it becomes another put-on. You cannot unlearn knowledge. The only way out was not to begin and...

The waiter comes with a barely perceptible smile and goes back with my order. There are hardly any people here. I have deliberately come in during the low period, so that I can have some peace. The only people are an old couple from outside the city, forced into come into a restaurant for food, since they cant reach home in time. They sit with sullen faces, and the occasional interactions are almost rude. It seemed each was waiting for death to get rid of the other. Was it always like this? Didn't they too have the excitement of the first touch, the breathless seasons of love, rain, children and fights for existence? Or is it just my perception that they are waiting for each others death? Is it some sort of deeper understanding that does not need the help of verbalisation to communicate? It looked to me like that they were just tired of each other, and no longer wish to set right anything.

Then what of us? Were are we going? It looks more and more like a dream. That we met, we too had our summer of breathless love, the autmn of contentment and then the never-ending winter of separation. Where do you live and what do you do now? Crows wait patiently on the window ledges; or is that they are simply resting? The sun goes down further and the working crowd is going to come in soon. I gobble up my food, pay at the counter and walk out. The evening still has enough beauty left, despite the bleeding of it by a hundreds of souls at the seashore. Slowly the night drops its curtains. The night is a tireless mother whose lullaby of darkness waits patiently outside your window till you fall asleep. Do you remember our dawns watching the sun rise on the mountains? The long walks at dawn, the smell of the silence that moved with us, ending up at the small tea shop at the edge of the forest. The gentle old woman of the mountains who served us tea and watched us with benign curiosity.

If you were here now, I would still be talking about wanting to drop out, leave this mindless city, leave the crowd trying hard to fit into the two dimensional model that one needs to fit into. Far away from this madness, far from the empty greed-coated minds, but where to? Which planet of contented people am I seeking? Which remote mountain hut do I want to build? Which off-balanced author's thoughts do I want to rent out? Still there was great enjoyment in sitting down and bleeding beside you. You would analyse each thought, relentlessly separate them into worthy and stupidly random. And then later, you told me that you cannot live your whole life like this, just listening and sorting. A small sentence that slowed down the waves, reduced the zipping vehicles to a spokes-countable crawl and the restrianed a thunderclap to the noise of a wet paper being torn. The face of reality that I did not want to see. The final expression of my impotence, with which all my rivers froze, my thoughts condensed from

super heated steam to beautifully symmetric and useless snow flakes.

Since we had nothing going, there wasn't anything to stop. Since you had to move to another city, it had to end. Since I wasn't willing to move for no reason, there was no way out. It seemed liked we were just following a path and we had to come out the forest, it was just a matter of time. So here I am still on this track that leads to nowhere. It doesn't help knowing that there is probably no track that leads anywhere. There seems to be only this ocean of emotion to swim in and enjoy yourself, hurt yourself. There is no reason and no direction to any action or inaction. It would have been nice to be a drunkard or a drug addict. Having tottered on that line for a long time, and failed to fall in, even that fascination is diminishing.. At least I would have had a window to close. Imagine living in a house without windows to close, because you don't have walls.

The wind was getting cold. There is space for a dinner, there is more than enough time, but inclination? Even could go back to office, scratch around on something, read about terror, bank collapses. All that has ceased to be entertaining. It is still enjoyable to talk to you when I know you arent hearing. Even if you arent around..If there is nobody to look, are evenings beautiful? Are winds cold? Do we make the sunrises beautiful by waking up early and watching them? Would there be numbers if there was no one to count? Where did I read that the atomic physicists say that observation changes the outcome. Or did you tell me? Are you talking to someone now? No, you cant, see, I am talking to you. I lowered my head so that nobody can see me smile. But is anybody watching? And why am I smiling?

Suddenly I found that I have reached my tiny flat, the question over dinner thus solved itself. There really is something called comfort. You feel it when you lie down on your familiar bed, head on the pillow twisted to your liking and shoes hanging to the floor. Creature comforts. How tired I am..Should get up and change. Should go through the newspaper, didn't have time to read. Wonder what happened to that little plant I had put on the window ledge. Still too early to sleep, then why do I yawn like this? Should get the dried clothes back into the room, it might rain. Should read the remaining part of this novel set in ancient times. Forgot, should reply to this guy's email, what was his name. Should...



**Biju Sukumaran**
Life is complex, it has real and imaginary parts. In one, I do chip design and in the other, I like to write. Not sure which is which.

# കേൾക്കാത്ത ശബ്ദം

മുന്ന

വിരസമായ ഒരു നട്ടുച്ച സമയം. വായിക്കുവാൻ നല്ല ബുക്കുകളില്ല. ടി. വി യൊക്കെ ഇറങ്ങിതുടങ്ങിയതേ ഉള്ളു. ഹോസ്റ്റലിൽ വച്ച് ചിത്രഹാർ ഒക്കെ കാണുമായിരുന്നു. ഇപ്പോൾ കിട്ടിയാൽ ഒരു പരിപാടിപോലും പാഴാക്കാതെ കണാമായിരുന്നു. ഒരു നല്ല ബുക്ക് കിട്ടാനും വഴിയില്ല. ആകെ കൂട്ടിലടയ്ക്കപ്പെട്ട പ്രതീതി. ഹോസ്റ്റലിലായിരുന്നെങ്കിൽ അടുത്ത് പബ്ലിക് ലൈബ്രറിയിൽ പോയി ധാരാളം ബുക്കുകൾ എടുത്ത് വായിക്കാൻ പറ്റിയ സമയം. ഇവിടെനിന്നും ബുക്ക് എടുത്ത് വായിക്കുവാനായി നഗരത്തിൽ വരെ പോകുന്ന കാര്യവും നടക്കുന്നില്ല.

ജോലിത്തിരക്കുമായി നടക്കുന്ന അമ്മ. രാഷ്ട്രീയവും കൃഷിയും അമ്മുമ്മയെ നോക്കലും കോ ഓപ്പറേറ്റീവ് സോസൈറ്റിയുടെ സെക്രട്ടറി സ്ഥാനവുമായി ബുസിയില്ലെങ്കിലും ബുസിയായി നടക്കുന്ന അച്ചൻ. അനിയൻ ഹോസ്ടലിലും. ജോലിക്കു നിൽക്കുന്ന പെണ്ണും സ്ക്കൂളിൽ പോകുന്നതുകൊണ്ട് അവളും ഭയങ്കര ബുസിയാണു. രാവിലെ ജോലിയൊക്കെ തീർത്ത് സ്ക്കൂളിൽ പോയി വരുന്നതിൻെറ ത്രില്ല്! എല്ലാം കൂടി കാണുമ്പോൾ മിനിയ്ക്ക് ആകെ ഒരു ഉപയോഗശൂന്യത തോന്നിത്തുടങ്ങി.

ആണായിയിരുന്നെങ്കിൽ അടുത്തുള്ള ലൈബ്രറിയിൽ പോവുകയോ അയൽപക്കങ്ങളിൽ പോവുകയോ ഒക്കെ ആവാം. ഇത് പെണ്ണായിപ്പോയില്ലേ! അതും കല്യാണപ്രായം ആയവൾ. ജോലി പ്രായമെന്നോ, എം. എ. പ്രായമെന്നോ, എന്നൊന്നും എങ്ങും കേൾക്കാൻ കൂടിയില്ല. ചുരുക്കം പറഞ്ഞാൽ ഉപയോഗമില്ലാത്ത, വലിയ വിലയൊന്നുമില്ലാത്ത ഒരു അധികപ്പറ്റുപോലെ തോന്നി തൻെറ അവസ്ഥ.

ഹോസ്റ്റലിൽ കൂട്ടുകാരികളോടൊപ്പം അഞ്ചാറുവർഷം ചിലവഴിച്ചതു തൻെറ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യവും ഭാഗ്യക്കേടുമായി തോന്നി മിനിക്ക്. പ്രിയപ്പെട്ട കുറേ സൗഹൃദങ്ങൾ കിട്ടിയെങ്കിലും പഠിത്തം കഴിഞ്ഞ് ഓരോ ദിക്കിൽ പോയി മറയുന്ന ബന്ധങ്ങൾ. ഇന്നത്തെപ്പോലെ ടെലിഫോണും ഇ-മെയിലും ഉം ഒക്കെ സ്വപ്നം കാണാൻ കൂടി പറ്റാത്ത കാലം. വല്ലപ്പോഴും തപാലിൽ വരുന്ന മറുപടികൾക്കായി വേഴാമ്പലിനെപ്പോലെ കാത്തിരിക്കണം. എങ്കിലും കത്തുകളുടെ ദൈർഘ്യം കൂടുകയും ബന്ധത്തിൻെറ ദൃഢത കുറഞ്ഞു വരികയുമാണെന്ന അറിവും മിനിയെ വല്ലാതെ വേദനിപ്പിച്ചു.

പലരുടെയും വിവാഹ ക്ഷണക്കത്തുകൾ വന്നു തുടങ്ങി. തൻെറ ഭാവി ഇനിയും അനിശ്ചിതമായി തന്നെ. തുടർന്ന് പഠിക്കണമെന്ന മോഹമുണ്ട്. ഒന്നുമില്ലെങ്കിലും ഈ വിരസതയിൽ നിന്നും രക്ഷപ്പെടാമല്ലോ. അതിനിടയിൽ മുൻപിൽ നീണ്ടു കിടക്കുന്ന രണ്ടു മൂന്നു മാസം എങ്ങിനെ കടന്നു കിട്ടാമെന്ന അങ്കലാപ്പായിരുന്നു അവൾക്ക്.

തൊണ്ണൂറു കഴിഞ്ഞ അമ്മുമ്മ ഇടയ്ക്കിടെ ബോധോദയം വരുമ്പോലെ തൻെറ മുന്നിൽ വന്നു നിന്ന് രാമായണത്തിലേയും ഭാഗവതത്തിലേയും കഥകൾ തന്മയത്വമായി വിസ്തരിച്ച് പറഞ്ഞു കേൾപ്പിക്കുന്നതൊഴിച്ചാൽ മറ്റു യാതൊരു പ്രത്യേകതയുമില്ലാത്ത ജീവിതം. അമ്മുമ്മയുടെ കഥകൾക്കും ആവർത്തന വിരസത വന്നു തുടങ്ങിയിരുന്നു. എങ്കിലും അതു പ്രകടമാക്കാതെ, വലിയ ഏകാഗ്രത കാട്ടി ഇരിക്കും, അമ്മുമ്മയെ സന്തോഷിപ്പിക്കാൻ. ദുശ്ശളയും ദേവയാനി യുമൊക്കെ പലതവണ പല രീതിയിലും ഭാവത്തിലുമൊക്കെ പ്രത്യക്ഷപ്പെട്ടും മറഞ്ഞിട്ടുമുണ്ട്.

വായിച്ച പുസ്തകങ്ങൾ വീണ്ടും വായിക്കലും പിന്നെ അമ്മുമ്മയുടെ മുറിയിൽ തന്നെ ചുരുണ്ടു കൂടി കിടക്കുകയും അനിശ്ചിതമായ ഭാവിയെ ഓർത്ത് ഭയപ്പെടുകയും ചെയ്യുന്ന കാലം. ഗ്രാമത്തിലിണങ്ങാനും പറ്റുന്നില്ല പട്ടണത്തിൽ തിരിച്ചു പോകാനും പറ്റാതെ ത്രിശ്ശങ്കു സ്വർഗ്ഗം പോലെ. പട്ടണത്തിൽ തിരിച്ചുപോയാലും പലരും പലവഴിക്ക് പോയ അവിടെ ആരും കാണില്ല. സ്നേഹബന്ധങ്ങളൊന്നും ശാശ്വതമല്ല എന്നൊക്കെ വേദാന്ത ചിന്തകളുടെയൊക്കെ തുടക്കവുമായി മല്ലടിച്ച് അങ്ങിനെ കിടക്കുമ്പോൾ വളരെ മധുരമായി ഈണത്തിൽ നീട്ടിയ ഒരു വിളി കേൾക്കാം.

മിനിക്കുട്ടീ....

അതു കേൾക്കുമ്പോൾ മിനിയുടെ വിരസത

തെല്ലൊന്നു മാറും. കുന്നിൻെറ അക്കരെ താമസിക്കുന്ന ചന്ദ്രിക ചേച്ചിയാണ്! അഞ്ചടിയേ ഉയരമുള്ളുവേങ്കിലും നാക്കിനു നല്ല നീളമാണ്! നിർത്താതെയുള്ള സംസാരം. അവർ വന്നാൽ വെറുതേ കേട്ടുകൊണ്ടിരുന്നാൽ മതി. അമ്മുമ്മയുടെ പുരാണ കഥകളിൽ നിന്നും വർത്തമാന കഥകളിലേയ്ക്കാണു അടുത്ത പ്രയാണം. അത് കേരളത്തിലേതു മാത്രമല്ല. തമിഴ്നാട്ടിലേതും കാണും.

ചന്ദ്രികച്ചേച്ചി ഉയരം വളരെ കുറഞ്ഞ ഒരു സ്ത്രീയാണ്. നല്ല വട്ടമുഖം, വിശാലമായ നെറ്റി, ഭംഗിയുള്ള കണ്ണുകൾ, നീണ്ടു അൽപ്പം വളഞ്ഞ ഭംഗിയുള്ള മൂക്ക്, ആകെക്കൂടി ലക്ഷണമൊത്ത, കുലീനമായ ഒരു മുഖം. പക്ഷെ, സംസാരം മാത്രം അൽപം ഓവർ.. ചന്ദ്രികച്ചേച്ചി അധികം പഠിച്ചിട്ടുമില്ല. മൂത്ത പെൺകുട്ടിയായതുകൊണ്ടാകും ഇളയവരെയൊക്കെ നോക്കലും മറ്റുമായി പഠിത്തം മുടങ്ങി. ഇളയവരൊക്കെ ഒരുവിധം നല്ല നിലയിലുമാണ്. മിലിറ്ററിയിൽ സാമാന്യം നല്ല ജോലിയുള്ള (ഒത്ത തടിയും പൊക്കവും ഒക്കെയുള്ള) ഭർത്താവും, അടക്കവും ഒതുക്കവും വിവരവും ഒക്കെയുള്ള, സ്ക്കൂളിൽ പഠിക്കുന്ന മൂന്ന് ആണ്മക്കളും.

ചന്ദ്രിക വീട്ടുജോലിയൊക്കെ ഒതുങ്ങുമ്പോൾ മക്കൾ സ്ക്കൂളീൽ നിന്നും വരുന്നതിനു മുൻപായി കുറച്ചു സമയം മിനിയോട് കഥകൾ പറയാനായി ഓടി വരുന്നതാണ്. ചന്ദ്രികച്ചേച്ചി വിവാഹം കഴിഞ്ഞ് വളരെക്കാലം തമിഴ് നാട്ടിലായിരുന്നു താമസിച്ചിരുന്നത്. അവിടുത്തെ കഥകൾ പൊടിപ്പും തൊങ്ങലും ചേർത്ത് പുനരാവിഷ്കരിക്കുമ്പോൾ ഇടയ്ക്കിടക്ക് തമിഴ് വാക്കുകൾ ചേർത്ത് മിനിയെ ഒന്ന് ഇളക്കാനും അവർക്ക് ഇഷ്ടമാണു. മിനിയുടെ നിസ്സഹായത കാണുമ്പോൾ അവർക്ക് വിജയശ്രീലാളിതയെപ്പോലെ ഒരു ചെറു പുഞ്ചിരി ചുണ്ടിൻെറ കോണിൽ വിടരും.

ഇടയ്ക്ക് ചോദിക്കും, "വെള്ളത്തിന് എന്താ തമിഴിൽ പറയുന്നതെന്ന് ഉനക്കു തമിഴ് തെരിയുമാ?";

മിനി പറയും "ഓ, അതെനിക്കറിയാം പാനി, തണ്ണീർ എന്നൊക്കെയല്ലേ?,"(അഥവാ അറിയാമെങ്കിലും ആരെങ്കിലും പരസ്യമായി വെല്ലുവിളിച്ചാൽ മിനിയുടെ ഉള്ള അറിയും ഉളളെ പോകുവേൻ!) അവർ വീണ്ടും വെല്ലുവിളിക്കും, "എനിക്ക് വെള്ളം വേണം എന്നെങ്ങിനെ ചോദിക്കും?"

അതിപ്പോൾ എങ്ങിനെ ചോദിക്കാൻ! മിനി കുഴങ്ങും, 'എനക്ക് വെള്ളം കൊട്ങ്കോ..' (അറിയാതെ വെള്ളമായിപ്പോയി) ചന്ദ്രികച്ചേച്ചി ഉടൻ ചാടി വീഴും, "ദാ, 'വെള്ളം'! 'വെള്ളം' അല്ല, 'തണ്ണി', 'തണ്ണി'. വെള്ളം എന്നൊന്നും പറഞ്ഞാൽ തമിഴർക്ക് മനസ്സിലാവില്ല.

"ദാ കേട്ടോ," എന്നും പറഞ്ഞ് അവർ നീട്ടി വലിച്ച് വലിയൊരു ഡയലോഗ് കാച്ചി, 'തണ്ണി ചോദിക്കുന്നതെങ്ങിനെ' എന്നു വിവരിക്കും. കൂടെ ഫുൾസ്റ്റോപ്പിടാതെ നാലഞ്ചു സെൻറൻസും കൂട്ടിച്ചേർക്കും. മിനി മിഴിച്ചിരിക്കും. (തമിഴിനോട് അത്ര പ്രതിപത്തിയൊന്നും ഇല്ലെങ്കിലും അവർ അസ്സൽ തമിഴ്നാട്ടുകാരിയുടെ ടോണിൽ സംസാരിക്കുന്നത് കേൾക്കാൻ രസമാണ്)

താൻ തനിച്ച് തമിഴ് നാട്ടിൽ ചെന്നു പെട്ടപ്പോൾ അടുത്തുള്ള തമിഴത്തി അമ്മ വന്നു സഹായിച്ചതും, ജ്വരം പിടിച്ചു കിടന്നപ്പോൾ പെറ്റമ്മയെപ്പോലെ ശുശ്രൂഷിച്ചതും, അമ്പലത്തിൽ കൂട്ടിക്കൊണ്ടുപോയതും, സ്ഥലങ്ങൾ കാട്ടിക്കൊടുത്തതുമൊക്കെ ഇടയ്ക്കിടയ്ക്ക് തമിഴത്തിയുടെ സംഭാഷണങ്ങളും ചേർത്ത് ചന്ദ്രിക ചേച്ചി വിവരിക്കും. "അതൊക്കെ ഒരു കാലം.. ഇപ്പോൾ ഇതാ ഈ കുന്നിൻെറ അറ്റത്ത്." അവർ നീട്ടി വലിച്ച് നെടുവീർപ്പിടും. (ചന്ദ്രിക, താൻ ഇവിടത്തെ സാധാരണ ഗ്രാമപെണ്ണുങ്ങളെപ്പോലെയൊന്നും അല്ല എന്ന് കാട്ടി, മിനിയെ തൻെറ മഹത്വം അറിയിക്കാനുള്ള ശ്രമമാണ്. പക്ഷെ, അതിലും എത്ര ഭേദമാണ് കുന്നിൻ പുറത്തെ ചന്ദ്രികച്ചേച്ചിയുടെ ജീവിതം എന്നോർക്കും മിനി.)

നഷ്ടസ്വപ്നങ്ങളുമായി ഇരിക്കുന്ന മിനി അതിലും ഇളകിയില്ല എന്നറിയുമ്പോൾ, അവർ തുടരും.. "എൻെറ സഹോദരൻ സാറാണു നിനക്കറിയാമോ?"

"എൻെറ സഹോദരി എന്നെപ്പോലെയൊന്നുമല്ല. നല്ല പൊക്കവും, തടിയും, വെളുപ്പും ഒക്കെ ഉണ്ട് നിൻെറ അമ്മയെപ്പോലെ". (താൻ മാത്രമേ ഇങ്ങെനെയുള്ളു എന്നതിൽ തനിക്ക് വിഷമമൊന്നും ഇല്ല എന്ന ധ്വനി)

തൻെറ ഗോപിയണ്ണൻ വരുമ്പോൾ കൊണ്ടു വരുന്ന ഓരോ സാധനങ്ങളും (ഭർത്താവിനും നല്ല തടിയും പൊക്കവുമൊക്കെ ഉള്ള ആളാണ്. അതും എടുത്ത് പറയാൻ വലിയ താൽപ്പര്യമാണ്. തൻെറ പൊക്കക്കുറവ് നികത്താനായാവാം ഇടയ്ക്കിടെ അവരുടെയൊക്കെ മേന്മകൾ വിവരിക്കുന്നത്).

ചന്ദ്രിക എന്തു പറയുന്നതും മിനിക്കിഷ്ടമാണ്. എല്ലാറ്റിലും ഒരു നിഷ്കളങ്കതയും തന്മയത്വവും മിനി കണ്ടു. ഗ്രാമത്തിലെ മറ്റു വീട്ടുകാരുടെ കഥകളും പറയുമായിരുന്നു. മിക്കതും മിനിക്ക് പുതിയ അറിവുകളായിരുന്നു. മിനിയുടെ അമ്മ

ഓഫീസ്സിൽ നിന്നും തിരിച്ചെത്തുന്നതിനു മുൻപ് അവർ സ്ഥലം വിടുകയും ചെയ്യും.

കഥ കെട്ടുകൊണ്ടിരിക്കുന്ന മിനിക്ക് കൊടുക്കാൻ ഒരു വിശിഷ്ട വസ്തുവും കൊണ്ടാണു വരവ്. കുറച്ച് പച്ചമാങ്ങ! അത് കൊണ്ടുവന്ന് സ്വന്തമായി അരിഞ്ഞ് ഉപ്പും മുളകുമിട്ട് കൊടുക്കും. മിനി കഴിക്കുന്നത് നോക്കി ഇരിക്കും. തനിക്കത് ഇഷ്ടമാണെന്ന് അവർക്കെങ്ങനെ അറിയാമെന്നൊന്നൊന്നും മിനിക്കറിയില്ല.

മിനി പാതി മനസ്സ് കഴിഞ്ഞുപോയ പട്ടണ ജീവിതത്തിലും ബാക്കി പകുതി ചന്ദ്രികച്ചേച്ചി പറയുന്ന ഗ്രാമക്കഥകളിലും തമിഴ്നാട്ടിലുമൊക്കെ വ്യാപരിപ്പിച്ചുകൊണ്ട് ഇരിക്കും. മിനിയുടെ വിരസതയാൽ മൂടിക്കെട്ടിയ പല നട്ടുച്ചകളും ഈ വിധത്തിൽ ചന്ദ്രികച്ചേച്ചി വളരെ ലഘൂകരിച്ച് കടത്തിവിടുമായിരുന്നു.

മിനിയെ അന്യനാട്ടിൽ വിവാഹം കഴിച്ചയക്കുന്നു എന്നറിഞ്ഞപ്പോഴും അവർക്ക് വലിയ വിഷമമായിരുന്നു. "ഇവിടെയൊന്നും ആരും ഇല്ലാത്ത പോലെ. എന്നാലും എൻെറ മിനിക്കുട്ടിയെ ഒന്നു കാണണമെങ്കിൽ ഇനി എന്തു ചെയ്യാൻ?" എന്നൊക്കെ പറയും.

മിനി തനിക്കുപോലും അനിശ്ചിതമായ ഭാവിയെപ്പറ്റി എന്തുപറഞ്ഞ് സമാധാനിപ്പിക്കാൻ! എങ്കിലും സമാധാനിപ്പിക്കും. "ഇടയ്ക്കൊക്കെ വരാമല്ലോ".

"വരുമ്പോൾ ചന്ദ്രികച്ചേച്ചി വരും കാണാൻ. എന്നാലും എനിക്കൊരു മകളില്ലാതെ പോയല്ലോ.?" (ചന്ദ്രികച്ചേച്ചിക്ക് മൂന്ന് ആണ്മക്കളാണ്).

പിന്നീട്, വളരെ വർഷങ്ങൾ കഴിഞ്ഞ്, അന്യനാട്ടിൽ നിന്നും ചെന്നപ്പോൾ ചന്ദ്രികച്ചേച്ചി കാണാൻ വന്നു. മിനി എല്ലാ സ്വാതന്ത്ര്യവും നഷ്ടപ്പെട്ടപോലെ ഇരിക്കുമ്പോൾ, (ആണുങ്ങൾ വിദേശത്തു പോകുന്നതുപോലെയല്ല പെണ്ണുങ്ങൾ വിവാഹം കഴിഞ്ഞ് പോകുന്നത്. അത് മറ്റൊരു വീട്ടിൽ പോകുന്ന പോലെയാണു എന്നൊക്കെ പറഞ്ഞ് മനസ്സിലാക്കാനും മനസ്സിലാക്കാതിരിക്കാനു മൊക്കെ കഷ്ടപ്പെടുമ്പോൾ..)

മിനിയുടെ മൂകത കണ്ട്, ചന്ദ്രികച്ചേച്ചി പറഞ്ഞു, "എനിക്ക് കാശൊന്നും വേണ്ട. അത് ഗോപിയണ്ണൻ തരുന്നതൊക്കെ സൂക്ഷിച്ച് വച്ചിട്ടുണ്ട്. എനിക്കൊരു സാരി തന്നാൽ മതി. എൻെറ മിനിക്കുട്ടി തന്നതെന്ന് പറഞ്ഞ് ഉടുത്തോണ്ടു നടക്കാൻ".

മിനി ഒരു സാരി കൊടുത്തു. (വിവാഹത്തിന്നു മുൻപ് താൻ വിദേശത്ത് പോകുന്നു എന്നറിഞ്ഞപ്പോൾ അമ്മയുടെ പെട്ടിയിൽ വർഷങ്ങളായി സൂക്ഷിച്ചു വച്ചിരുന്ന; അമ്മാവന്മാരും മറ്റും കൊണ്ടുവന്ന വിദേശ സാരികളിൽ പകുതിയും അയൽ പക്കക്കാർക്ക് ദാനം ചെയ്യുകയായിരുന്നു ചെയ്തത്. പല വർണ്ണങ്ങളിലും ഭംഗിയിലും ഒക്കെയുള്ള സാരികൾ! മകൾ വിദേശത്തു പോകുന്ന വൈഷമ്യമുള്ളതു കൊണ്ടാകും അമ്മ വഴക്കിനൊന്നും വന്നില്ല.)

പക്ഷെ, ഇപ്പോഴത്തെ സാരിയിലെ ഭംഗിയോ നിറമോ ഒന്നും മിനിയിൽ പതിഞ്ഞില്ല. ആർക്കോ വേണ്ടി/ ബോധിപ്പിക്കാനായി ജീവിക്കുന്ന ഒരു യന്ത്രമായി മാറിയിരുന്നു മിനി ഇതിനകം. തൻെറ കൊച്ചു കൊച്ച് ആഗ്രഹങ്ങൾക്കൊന്നും ഒരു പ്രാധാന്യവുമില്ലാത്ത ഒരു വിചിത്രലോകത്തെത്തപ്പെട്ട നടുക്കത്തിൽ നിന്നും ഇനിയും മുക്തയായിട്ടില്ലായിരുന്നു മിനി. മറ്റുള്ളവരുടെ വലിയലോകത്തിൽ താൻ ഒരു കൊച്ചു പൊട്ടായി മറഞ്ഞപോലെ..

ചന്ദ്രികച്ചേച്ചി "ഇനി അടുത്ത പ്രാവശ്യം വരുമ്പോൾ വരാം" എന്നു കണ്ണിൽ പൊടിഞ്ഞു വരുന്ന കണ്ണീരിനിടയിലൂടെ നോക്കി പറഞ്ഞകന്നു. ചന്ദ്രികച്ചേച്ചിയ്ക്ക് തൻെറ ഉള്ളിൽ അലയടിക്കുന്ന വിഷാദത്തിൻെറ ഒരംശം പോലും ഉൾക്കൊള്ളാൻ കഴിയില്ലെന്നറിയാവുന്നതുകൊണ്ട് ഒരു പുഞ്ചിരിയോടെ യാത്രയാക്കി. വിദേശിയുടെ നിഗോൂഢമായ പുഞ്ചിരി. ചന്ദ്രികച്ചേച്ചിയോട് പഴയ ലാഘവത്തോടെ സംസാരിക്കാനാവുന്നില്ലല്ലോ, എന്നോർത്ത് വിഷാദിച്ചു. വിദേശിയുടെ തലക്കനമായി തെറ്റിധരിക്കുമോ! പ്രതീക്ഷകൾ തെറ്റിയ, ജീവിതവുമായി പൊരുത്തപ്പെടാൻ മടിക്കുന്ന മനസ്സാക്ഷിയുടെ വിങ്ങലാണ് ഇതെന്നൊക്കെ അലമുറയിട്ട് വിളിച്ച് അവരുടെ പുറകെ ചെന്ന് പഴയപോലെ കഥകൾ കേൾക്കണമെന്നും ഒക്കെ തോന്നി.. കുറെ നോസ്റ്റാൾജിയ തന്ന് അകന്നകന്ന് പോകുന്ന ആ കുറിയ രൂപം കണ്ടപ്പോൾ മനസ്സിൽ വിദേശവാസംകൊണ്ട്, തനിക്ക് നഷ്ടമായതെന്തൊക്കെയെന്ന് തിരിച്ചറിയാൻ കൂടി പറ്റുന്നില്ലല്ലോ എന്നോർത്ത് നോക്കി നിന്നു.

അന്യനാട്ടിൽ ഏകാന്തതയിൽ പെട്ടുഴന്നപ്പോൾ; തന്നം തനിയെ മക്കളെ വളർത്തിയപ്പോൾ; ഒക്കെ ഇതുപോലെ എത്രയോ പേരുടെ സഹായഹസ്തവും സാന്ത്വനവുമാണ് താൻ ജിവിതത്തിൽ നഷ്ടപ്പെടുത്തിയത്. ഒരിക്കലും ആർക്കും മനസ്സിലാകാത്ത നഷ്ടങ്ങൾ.. മിനി ഓർത്തു.

അപ്രാവശ്യം മിനി ചെന്നപ്പോൾ, ചന്ദ്രികച്ചേച്ചിയെ കണ്ടില്ല.

മിനി അമ്മയോടു ചോദിച്ചു: "ഇപ്രാവശ്യം ചന്ദ്രിക ചേച്ചിയെ കണ്ടില്ലല്ലോ?!"

"അയ്യോ, നിന്നോടു പറയാൻ മറന്നു, ചന്ദ്രിക തൂങ്ങി മരിച്ചു!"

മിനി സ്തംഭിച്ച പോലെ നിന്നു! എപ്പോഴും വാതോരാതെ സംസാരിക്കുന്ന, എല്ലാം തമാശയായി കണ്ട് ചിരിക്കുന്ന ചന്ദ്രിക ചേച്ചി. ഒരു കഷണം കയറിൽ കണ്ണും തുറിച്ച് കിടന്ന് ആടുന്ന രംഗം ഓർക്കാൻ കൂടി വയ്യ. ജീവിതത്തെയാകെ ഒരു കൊച്ചു കുട്ടികളുടെ ദൃഷ്ട്യാ നോക്കിയിരുന്ന ചന്ദ്രികച്ചേച്ചി. 'ഏയ്, അമ്മയ്ക് തെറ്റ് പറ്റിയതാവും'.

മിനി വിശ്വാസം വരാതെ ഒരിക്കൽക്കൂടി ചോദിച്ചു, "നമ്മുടെ അക്കരത്തെ ചന്ദ്രികച്ചേച്ചി?."

"അതേ ആ ചന്ദ്രിക തന്നെ. ചന്ദ്രികയുടെ മക്കൾ രണ്ടുപേർ വിവാഹിതരായി. അവർ ആരോ എന്തോ പറഞ്ഞെന്നോ എടുത്തെന്നോ ഒക്കെ പറഞ്ഞ് അവിടെ ഇടക്കിടെ വഴക്കുണ്ടായിരുന്നു. ഒരു ദിവസം എല്ലാവരും ഉറങ്ങിക്കിടന്നപ്പോൾ അവൾ തനിയേ പോയി... രാവിലെ ഉറക്കമുണർന്നു നോക്കുമ്പോൾ എല്ലാം കഴിഞ്ഞിരുന്നു." ബാക്കി പൂർത്തിയാക്കാതെ അമ്മ നിർത്തി.

പറയുമ്പോൾ അമ്മയുടെ സ്വരത്തിൽ നിസ്സംഗത നിഴലിച്ചിരുന്നു. ഇതുപോലെ പലേ സംഭവങ്ങളും കണ്ടു തഴമ്പിച്ചതുകൊണ്ടോ, അതോ, എല്ലാവരും ആ സത്യവുമായി ഇതിനകം താദാമ്യം പ്രാപിച്ചുകഴിഞ്ഞതുകൊണ്ടോ!" . എങ്കിലും ചന്ദ്രികച്ചേച്ചിയുടെ മരണം ഒരു സ്വാഭാവികം പോലെ അമ്മ പറഞ്ഞപ്പോൾ മിനിയ്ക്ക് എന്തോ ഒരു അസ്വസ്ഥത തോന്നി (പ്രവാസികളുടെ മറ്റൊരു നഷ്ടം). കുറച്ചുകൂടി ചൂഴ്ന്ന് ചോദിച്ചാൽ ഒരുപക്ഷെ അലിവു ഊറുമായിരിക്കും. എങ്ങും എവിടെയും തൻെറ ദുഃഖങ്ങൾ പങ്കുവയ്ക്കാൻ എന്നും താൻ തനിച്ചേ ഉണ്ടാകൂ എന്ന് ബോധ്യം മിനിയെ കുറച്ചുകൂടി തളർത്തി.

എന്നാലും ചന്ദ്രികച്ചേച്ചിക്ക് അങ്ങിനെ ചെയ്യാൻ തോന്നിയല്ലോ. ഒരു നിമിഷത്തിൻെറ ചാഞ്ചല്യം. അത്ര സഹിക്കാൻ വയ്യാതായല്ലോ പാവത്തിനു. ഒരു പക്ഷെ താൻ ഇവിടെ ഉണ്ടായിരുന്നെങ്കിൽ... ഉച്ചയ്ക്ക് കരഞ്ഞുകൊണ്ട് വന്ന് തന്നോട് കഥകൾ പറഞ്ഞ് സമാധാനിക്കാമായിരുന്നിരിക്കണം. മരുമകൾ വരുമ്പോൾ തനിക്ക് മകളില്ലാത്ത വിഷമം തീരും എന്നു പ്രത്യാശിച്ച ചന്ദ്രിക ചേച്ചി. മരുമകൾക്ക് കൊടുക്കാൻ ഒത്തിരി സ്നേഹം ഒളിപ്പിച്ചു വച്ചിരുന്ന ചന്ദ്രികച്ചേച്ചി.

ഇത്തവണ വിദേശിയുടെ സാരി വിലയില്ലാതെ ഇരുന്നു. ഉടുത്തുകൊണ്ടു നടന്ന് പറയാൻ ആളില്ലാതെ. സാരി ചോദിക്കാൻ പഴയ സ്നേഹബന്ധങ്ങളൊക്കെ ഉണ്ടാകുമെന്ന തിരിച്ചറിവിൽ ചന്ദ്രികച്ചേച്ചിക്ക് അൽപ്പം കൂടി നല്ല ഒരു സാരിയുമായാണ് മീന അപ്രാവശ്യം നാട്ടിൽ വന്നതും..

ഓർമ്മയിലൂടെ നാട്ടിൽ വിഹരിച്ചു കൊണ്ടിരുന്ന മിനി പെട്ടെന്ന് പുറത്തൊരു വിളി കേട്ടു,

"മിനിക്കുട്ടീ..".

മിനി ശരിക്കും ഞെട്ടിപ്പോയി! ആത്മാവുണ്ടെന്നു പറയുന്നത് നേരാണോ?! എങ്കിലും ഇത്ര ദൂരെ ഈ അന്യനാട്ടിൽ തന്നെ തേടി എത്തിയോ?! മിനി ഭയപ്പാടോടെ പുറത്തിറങ്ങിയപ്പോൾ.. മകൾ പതിവില്ലാതെ കുസൃതി ചിരിയുമായി നിൽക്കുന്നു! അവൾ വിളിച്ചതാണ്! എന്തേ അവൾക്ക് ഇന്നിങ്ങനെ പതിവില്ലാതെ നീട്ടി വിളിക്കാൻ തോന്നിയത്?! 'അമ്മാ..' എന്നു വിളിച്ചു വരാറുള്ള അവൾക്കെന്തു തോന്നി തന്നെ തൻെറ ഗ്രാമത്തിൽ, ചന്ദ്രികച്ചേച്ചി വിളിക്കുന്ന അതേ വിളി, അതേ ഈണത്തിൽ വിളിക്കാൻ?! അവൾ കേട്ടിട്ടും ഇല്ല തന്നെ ആരും അങ്ങിനെ വിളിക്കുന്നത്. എന്നിട്ടും....

മിനി മകൾ ഭയന്നുപോയാലോ എന്നു കരുതി അപ്പോൾ അതേ പറ്റി പറഞ്ഞില്ല. പിന്നീട് കുറച്ചു കഴിഞ്ഞ് വെറുതേ ഇരിക്കുമ്പോൾ പറഞ്ഞു: "മോൾ അമ്മയെ 'മിനിക്കുട്ടീ' എന്നു നീട്ടിവിളിച്ച് കയറി വന്നില്ലേ?, അതുപോലെ അമ്മയെ വിളിക്കുന്ന ഒരു ആൻറി നാട്ടിലുണ്ടായിരുന്നു. പക്ഷെ മരിച്ചുപോയി. അമ്മ ആ ആൻറിയെപ്പറ്റി ഓർത്തുകൊണ്ടിരുന്നപ്പോഴാണു മോൾ അങ്ങിനെ വിളിച്ചതു."

അവളും അത്ഭുത പരതന്ത്രയായി മിനിയെ മിഴിച്ചു നോക്കി!

മിനി പറഞ്ഞു, "പേടിക്കണ്ട. നിമിത്തമാകും. സാരമില്ല."

മകളെ അങ്ങിനെ സമാധാനിപ്പിച്ചെങ്കിലും മിനിയുടെ ഹൃദയത്തിനുള്ളിലെവിടെയോ ഒരു നീറ്റൽ. ഇനി ഒരിക്കലും കേൾക്കാനിടയില്ലാത്ത ആ വിളിയെക്കുറിച്ചോർത്തപ്പോൾ.

Please visti Munna's Blog for more articles of Munna - http://munnasworld.blogspot.com/*

# World Nutrition, Health & Disease Conference 2009

## Held in conjunction with Asia Food Technology, @ Singapore Biopolis. 20 July 2009:

### Excerpts from the Keynote address.



**_Dr V P Nair,_** *PBM: MBBS, MRCP (UK), MRCP (Ireland), FRCGP (UK), FRCP (Edinburgh) FRCP (Ireland) FAMS (Cardiology, S`pore) FICA (USA) FACC (USA) FESC (Europe) FRCP (London)*

*Senior Consultant Interventional Cardiologist, Mount Elizabeth Medical Centre, # 16-08, Singapore*

Singapore is a melting-pot of cultures and therefore also a melting-pot of numerous eating delights, often with a fusion of food philosophies. At the same time we give importance to good eating habits and nutrition.

About 250 years ago, Ben Franklin, coined the phrase "An apple a day keeps the doctor away". He did not know then that apples contain vitamins, minerals, fiber and antioxidants such as flavanoids and polyphenols with some beneficial effects on heart disease and cancer. Some of the components found in apples are known to be anti-allergenic; some are anti-carcinogenic, anti-inflammatory and anti-viral. The apple story is only an anecdote to the wider concept of basic food, nutrition and caloric requirements of our body. Recently Soursoup also has been found to be as good if not better than apple.

The issue of nutrition, health and disease has been for a long time the focus of scientific research and development. Even though this has led to major advances in nutritional values, preservation and storage capabilities are much more needed in the development, dissemination and application of food technology. We have to overcome growing health challenges faced by humanity, as we enter the second decade of the 21 century. As of July 2009, the Earth's population as estimated by the United States Census Bureau is 6.78 billion. By 2050, the population may reach 9 billion. By then world food shortage will become critical due to water shortage, climate changes, deforestation, global warming as well as increase in population, unless consistent corrective measures are made by the governments and the people.

Today, two-thirds of all deaths in America, Europe and Singapore are due to heart disease and cancer. However in Africa, most of Asia and Latin America, infectious diseases are still the commonest cause of mortality and morbidity. With the worldwide increase in life span due to better health care, housing, immunization, hygiene and sanitation; disorders specific to the ageing population will become more common. 50 years ago, majority of the world's population died before the age of 50. In 1996, the average global life expectancy reached 65, while the average life expectancy in industrialised countries was 80. Life expectancy in Singapore is the 5th best in the world being above 80. The paradigm has therefore shifted significantly in the last 5 decades.

I mentioned the previous facts as a prelude to m presentation. As a Cardiologist, my primary focus i on the medical treatment of health-related issues. It i important not only to treat diseases after they manifes but also to prevent their occurrence as well. Apa from medical therapy, a large part of patient care also dependent on the adherence to a healthy lifesty and good nutrition. The two are complementary ar synergistic. You will no doubt hear more about th


Apples are rich in vitamins, pectin, dietary fiber and potassium,

from our distinguished panel in the ensuing lectures and scientific papers. I will therefore deal predominantly with the medical aspect of this topic.

In the medical fraternity, we often treat diseases with overt symptoms. But there are many conditions that exist, without symptoms. High blood pressure is one of them. It may not have any symptoms and it may be detected only by a chance blood pressure reading at a routine physical examination. If untreated, it can cause damage to the heart, brain, eyes and the kidneys. Almost one third of American adults and 1 in 7 Singaporean adults have hypertension. Hypertension and diabetes are one of the leading causes for kidney failure, heart disease, stroke and blindness world-wide. The biggest culprit within this spectrum is Coronary heart disease, or disease of the heart arteries, where lipid plaques block the epicardial arteries of the heart.

The recognized risk factors for coronary heart disease are, tobacco smoking, high blood pressure, dyslipidemia manifested as high levels of bad cholesterol (LDL or low density lipoprotein - the lousy cholesterol) and low levels of good cholesterol (HDL or high density lipoprotein - the healthy cholesterol), diabetes, advancing age, male gender, obesity, family history of heart disease, sedentary life style, chronic stress and in some cases elevated blood homocystine levels. These risk factors need to be identified promptly and treated appropriately.

Assessment for the detection of coronary artery disease include history, physical examination and certain basic investigations such as Electrocardiography (ECG), blood tests and special tests such as a Treadmill exercise stress test, numerous imaging modalities such as Echocardiography, Multi-slice CT scan of the heart and the gold standard Coronary Angiogram.

Once this has been done, the blocked arteries can be treated with medications, ballooning (angioplasty), stenting or bypass surgery. New medications, off pump Coronary Artery Bypass Grafts, and Drug Eluting Stents have revolutionized treatment of coronary artery disease and improved quality of life significantly. As mentioned earlier, nutrition and a healthy lifestyle have a major part to play in the treatment of heart disease in addition to the interventions mentioned.

Almost 2 decades ago, in the Straits Times interview I coined the phrase "the longer the belt line, the shorter the life line" as a means to remind the public about the importance of abdominal obesity and its connection to one's longevity. This adage has now been proven true worldwide in the subsequent years. Most notable, was a study by a group of cardiologists led by Dr. James de Lemos at the University of Texas and reported in the American College of Cardiology on 14 August 2007. Using MRI and other tests after a long-term study of 2744 people, a direct relationship was found between waist size and early indications of heart disease, regardless of patient's overall weight and some other risk factors.

Obesity is an undesirable outcome of overeating and lack of exercise. It is postulated that one's waistline circumference should be less than 80 cm for women and 90 cm for men. A person's waist-to-hip ratio, sometimes described as "Gut to Butt ratio", should be less than 1 for men and below 0.8 for women. Similarly one's Body Mass Index (BMI) should be kept below 25kg/m2, as proposed by the WHO. However, for people of Asian origin, a BMI of below 23kg/m2 is desirable.

Science has proven that a heart healthy diet is one with relatively unprocessed foods with veggies, fruits, grains such as rice or wheat that retain some of their original kernel. Rice bran is the outer brown layer of the rice kernel. Such 'whole' foods became scarce in Western diets. Some eggs, liver or fish are also


**Guyabano, (Soursoup).** *This delicious fruit consist of a white edible pulp high in carbohydrates, Vitamin C, Vitamin B1, Vitamin B2, Potassium and dietary fiber.*

vital for most of us indeed in limited amounts. But excess intake of red meat high in animal fat including cholesterol and saturated fats and consumption of pure sugars leads to coronary heart disease, diabetes, certain cancers and dental caries.

During food processing, such as mass production of flour or noodles, we lose 60-90% of most healthy vitamins. We degrade proteins by deep-frying and our factories hydrogenate oil which first zaps all omega-3 by trans-forming it into toxic trans-fat. Most single nutrient diseases like scurvy, beriberi and goiter were wiped out by food fortification, our 'weapon of mass nutrition' in the last few decades. Processed foods low in many nutrients such as vitamins B6, B12, folic acid and vitamin D, may lead to "Long-Latency Deficiency Diseases", such as heart disease, cancer, bone loss and Alzheimer's dementia.

We should therefore be more careful with our sources of food and how they have been processed. Good nutrients that have been removed also need to be replaced. So exercise regularly, eat healthy food, relax and remember my punch line "the longer the belt line, the shorter the life line".



# The Amazing World of Robots

Dr Prahlad Vadakkepat, Ph.D.

**It is my passion to work with robots. I dream of a world where humans and robots live in harmony**



***Dr Prahlad Vadakkepat,*** *Ph D [www.vadakkepat.com]*
*Ph D, M Tech: IIT Madras, B Tech (Hons.) Calicut Univ.*
*Fellow IETE, Senior Member IEEE*
*Associate Professor, Electrical and Computer Engineering, National University of Singapore*
*Director: Robhatah Robotic Solutions (Singapore, Bangalore)*
*General Secretary - FIRA [www.fira.net]*
*Federation of International Robot-soccer Association*

The world around us is changing in unprecedented ways and unimaginable speed. The robotic age only dreamed about and depicted in science fiction novels and movies is becoming a reality.

Robots have a long history – from fictional characters (in Isaac Asimov's novels and in motion pictures), to industrial robots and mobile robots. Industrial robots have taken a long stride and are well established, though newer application domains and research directions are very much in the limelight.

Roboticists are now taking the robots out of their fixed base (industrial robots) imparting mobility and intelligence - and there are a number of mobile robots situated in real worlds.

### The very first concept – Robot and Robotics

The word "Robot" was first used in the 1921 play R.U.R. (Figure 1) by the Czech writer Karel Capek. The word "Robot" was derived from a Czech word "robota", meaning "forced labor."



*Industrial robots doing vehicle underbody assembly (KUKA)*

Robotics is the science and technology of robots, their design, manufacture, and application. Robotics requires a working knowledge of electronics, mechanics, and software. A person working in the field is a roboticist.

The word "robotics" first appeared in the short story "Runaround" (1942) by Isaac Asimov. This story was later included in Asimov's famous book "I, Robot." The robot stories of Isaac Asimov also introduced the "three laws of robotics."



*The robot from the 1921 play R.U.R*

### The three laws of robotics by Isaac Asimov

(1) a robot may not injure a human being, or through inaction, allow a human being to come to harm;

(2) a robot must obey the orders given it by human beings except where such orders would conflict with the First Law;

(3) a robot must protect its own existence as long as such protection does not conflict with the First or Second Laws.

Later, Asimov added the "zeroth" law: A robot may not injure humanity, or, though inaction, allow humanity to come to harm.

### Early Industrial Robots

In the early 1950's and 60's George Devol and Joe Engleberger created probably the first modern industrial robot named the "Unimates."

"Unimation" is the first robotics company, started by Joe Engleberger who is known as the "father of robotics."



Leonardo - Socially Intelligent Robot

### Industrial Robots

Till lately, most of the robots installed worldwide have been used in manufacturing processes. Industrial robots (Figure 2) are perfect to micro and nano levels of accuracy. Most of these robots operate from a fixed base in a very structured environment.

Although the vast majority of robots today are used in factories, advances in technology enable robots to automate many tasks in non-manufacturing industries, such as agriculture, construction, health care and other services.

### Mobile Robots

Mobile robots are utilized in industry, military and security environments. There are several consumer products, for entertainment or to perform certain domestic tasks like vacuuming. Autonomous robots with capabilities to reason and move about freely will be much in demand in the coming decades. Designing autonomous mobile robots in any meaningful degree has become possible only with the recent surge in computational, communications and sensing technologies.

Teams of smart micro-robots could do regular maintenance in nuclear power plants and other hazardous environments. In the future they may fight our wars. Unmanned tanks through satellite control - that's the equivalent of robot soccer setup (Figure 8).



Mars Rover

To assist the disabled and like a secretary, the personal robots will change our life style altogether. Artificial dogs or robot-pets with emotions can provide a smoothening feeling to many, especially to the children, the aged and the disabled. The Leonardo project (Figure 4) seamlessly merges the artistry of character, robotic technology, and artificial intelligence.

